# വിട പറയും മുമ്പേ



തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ്
പ്രവർത്തന റിപ്പോർട്ട് 1982-1997.

ഡോ. മൈക്കിൾ കാരിമറ്റം

# ഉള്ളടക്കം

**ആമുഖം**

1. ഡിപ്പാർട്ടുമെന്റിൻറെ സ്ഥാപനം
2. പ്രവർത്തനങ്ങൾ
    1. ബൈബിൾ വിതരണം
    2. കൺവൻഷൻ
    3. സെമിനാറുകൾ
    4. ദീർഘകാല ബൈബിൾ പഠന പരിപാടി
    5. പ്രസിദ്ധീകരണങ്ങൾ
        1. ലഘുലേഖകൾ
        2. ചിത്രകഥകൾ
        3. കുട്ടികളുടെ ബൈബിൾ
        4. ബൈബിൾ കുടുംബപ്രാർത്ഥനയിൽ
        5. നാലു പുസ്തകങ്ങൾ
        6. ബൈബിൾ തീർത്ഥാടനം
        7. മൂന്നു ലഘു ഗ്രന്ഥങ്ങൾ
    6. സഹായങ്ങൾ-സംവിധാനങ്ങൾ
        1. സഹായികൾ
        2. സംവിധാനങ്ങൾ
    7. ഇതര പ്രവർത്തനങ്ങൾ
3. സാമ്പത്തികം
4. അവലോകനം
5. നന്ദിയുടെ ഒരു വാക്ക്

**അനുബന്ധം**

1. List of publications
2. Statement of Accounts

# വിട പറയും മുമ്പേ

## ആമുഖം

ഈ വർഷത്തോടെ തലശ്ശേരി അതിരൂപത ബൈബിൾ അപ്പോസ്തലേറ്റിലെ എൻറെ പ്രവർത്തനങ്ങൾ സമാപിക്കുവാൻ അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടിരിക്കുകയാണ്. രൂപതാ കേന്ദ്രത്തിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചവർക്കെല്ലാം സ്ഥലംമാറ്റം നൽകണം എന്ന് അച്ചന്മാർ പൊതുവേ ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിലാണ് ഈ തീരുമാനം എടുക്കുന്നത് എന്ന് പിതാവ് 1997 ഏപ്രിൽ ഇരുപത്തിരണ്ടാം തീയതി എന്നോട് പറയുകയുണ്ടായി. ഏറ്റെടുത്ത ജോലികളും ബാധ്യതകളും രണ്ടാഴ്ചക്കകം തീർക്കാൻ സാധ്യമല്ലെന്ന് ഞാൻ പറഞ്ഞതിനാൽ ഒരു വർഷത്തെ അവധി തന്നിരിക്കുകയാണ്. 1998 ലെ പൊതു സ്ഥലം മാറ്റത്തിന് മുൻപു തീർക്കാനാവാത്ത ജോലികളും ബാധ്യതകളും ഇനി ഏറ്റെടുക്കരുത് എന്നും പറഞ്ഞിട്ടുണ്ട്.

ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ സ്ഥാന ത്തോട് വിട പറയുന്നതിനു മുൻപേ കഴിഞ്ഞ 15 വർഷമായി ആ തസ്തികയിൽ ഞാൻ ചെയ്തു കൊണ്ടിരുന്ന പ്രവർത്തനങ്ങളുടെ ഒരു വിവരണം എല്ലാവരുടെയും അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നത് ഉചിതമാണെന്ന് കരുതുന്നു. പലതും അതതു കാലങ്ങളിൽ രൂപതാ ബുള്ളറ്റിനിലൂടെ പ്രസിദ്ധീ-

കരിച്ചു കൊണ്ടിരിക്കുന്നതാണെങ്കിലും ഒരു പൊതുവായ വിവരണവും അവലോകനവും ഉപകാരപ്രദമായിരിക്കുമല്ലോ.

## 1. ഡിപ്പാർട്ടുമെന്റിൻറെ സ്ഥാപനം

1982 നവംബർ പതിനെട്ടാം തീയതിയാണ് തലശ്ശേരി രൂപതയിൽ വചനപ്രഘോഷണത്തിനായി ഒരു പ്രത്യേക ഡിപ്പാർട്ട്മെൻറ് സ്ഥാപിതമായത്. രൂപത-യിലെ മറ്റ് ഡിപ്പാർട്ട് മെന്റുകളെല്ലാം കാലാകാല-ങ്ങളിലെ ആവശ്യാനുസൃതം രൂപതാധ്യക്ഷൻ നേരിട്ട് സ്ഥാപിക്കുകയാണു ചെയ്തിട്ടുള്ളത്. എന്നാൽ ബൈബിൾ അപ്പോസ്റ്റോലേറ്റിന്റെ കാര്യത്തിൽ ഒരു പ്രത്യേകതയുണ്ട്. അത് എൻറെ പ്രവർത്തനങ്ങളു-മായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ അല്പം പശ്ചാത്തലം അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും.

1979 ഏപ്രിൽ മാസത്തിലാണ് റോമിലെ പൊൻറ്റിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയതിനു ശേഷം ഞാൻ തലശ്ശേരിയിൽ തിരിച്ചെത്തിയത്. 1979 ജൂൺ മുതൽ ഡിസംബർ വരെ ചെമ്പേരി ഇടവകയിൽ അസിസ്റ്റൻറ് വികാരിയായി ഞാൻ ജോലി നോക്കി. തുടർന്ന് 1980 ജനുവരി മുതൽ 1982 ജൂൺ വരെ പി. ഒ. സി. യിൽ സമ്പൂർണ്ണ ബൈബിളിന്റെ വിവർത്തന-ത്തിൽ മൂന്ന് ചീഫ് എഡിറ്റർമാരിൽ ഒരാളായി പ്രവർത്തിച്ചു. 1980 ഏപ്രിൽ മാസത്തിൽ ആലുവ സെമിനാരിയിൽ ബൈബിൾ പഠിപ്പിക്കാൻ ഒരു

ക്ഷണം ഉണ്ടെന്നും താല്പര്യമെങ്കിൽ അത് ഏറ്റെടുക്കാമെന്നും അഭിവന്ദ്യ പിതാവ് എന്നോടു പറഞ്ഞു. എന്നാൽ അല്മായർക്ക് ബൈബിൾ സംബന്ധമായ അറിവു പകരുന്ന ജോലിയിൽ ഏർപ്പെടുകയാണ് എനിക്ക് കൂടുതൽ താല്പര്യം എന്നായിരുന്നു എന്റെ മറുപടി. അതിനാൽ പി. ഒ. സി. യിൽ തുടരാൻ പിതാവ് ആവശ്യപ്പെട്ടു.

1981 ഡിസംബറിൽ ബൈബിൾ പ്രസിദ്ധീകരിച്ച-തോടെ വിവർത്തനത്തിന്റെ ജോലി തീർന്നു. ബൈബിൾ വ്യാഖ്യാനങ്ങൾ തയ്യാറാക്കണമെന്ന് അന്നത്തെ ടീമിന് താല്പര്യമുണ്ടായിരുന്നെങ്കിലും പല കാരണങ്ങളാലും അതു സാധിച്ചില്ല. അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് 1982 ജൂൺ 21ന് ഞാൻ സന്ദേശഭവനിൽ വന്നു വാസമാരംഭിച്ചു. എന്തു ചെയ്യണമെന്നു പ്രത്യേകം നിർദ്ദേശം ഒന്നും ലഭിക്കാതിരുന്നതിനാൽ തലശ്ശേരി രൂപതയ്ക്കു പുറത്തു പലേടത്തും ക്ലാസുകൾ എടുക്കുകയും താലന്ത്, ജീവധാര മുതലായ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുകയും ചെയ്തുപോന്നു. മതബോധന വകുപ്പ് നടത്തിയിരുന്ന ചില സെമിനാറുകളിൽ ക്ലാസ് എടുക്കുകയല്ലാതെ രൂപതയിൽ ക്രിയാത്മകമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിലാണ് 1982 നവംബർ 17-18 തീയതികളിൽ രൂപതയിലെ വൈദിക സമ്മേളനം നടന്നത്.

എന്റെ പ്രവർത്തനങ്ങൾ രൂപതയിൽ കേന്ദ്രീകരിക്കണമെന്നും ബൈബിൾ സംബന്ധമായ കാര്യങ്ങൾ അല്മായർക്കു കൂടുതൽ താല്പര്യവും അറിവും ലഭിക്കാൻ ഉതകുന്ന വിധത്തിൽ ക്രമീകരിക്കണമെന്നും ബഹുമാനപ്പെട്ട അച്ചന്മാരിൽ പലരും ആവശ്യപ്പെട്ടു. മതബോധന വകുപ്പിൽ നിന്ന് മാറ്റി ബൈബിളിനായി ഒരു പ്രത്യേക വകുപ്പ് ആരംഭിക്കുന്നത് നല്ലതാണെന്നും അച്ചന്മാർ അഭിപ്രായപ്പെട്ടു. പിതാവ് ചോദിച്ചപ്പോൾ അതിനോട് അനുകൂലമായ അഭിപ്രായമാണ് എനിക്കും ഉണ്ടായിരുന്നത്. പ്രത്യേകമായ ഒരു ഡിപ്പാർട്ടുമെന്റുണ്ടായാൽ എന്ത് ചെയ്യാൻ കഴിയും എന്ന ചോദ്യത്തിന് ഞാൻ വ്യക്തമായ മറുപടി നൽകി. എന്നാലും ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് തുടങ്ങുന്നതിനു പിതാവിനും അന്നത്തെ സന്ദേശഭവൻ ഡയറക്ടറച്ചനും താല്പര്യമില്ലായിരുന്നു. അതിനാൽ അച്ചന്മാരുടെ അഭിപ്രായം വീണ്ടും ആരാഞ്ഞു. എല്ലാവരുംതന്നെ അനുകൂലമായ വോട്ട് രേഖപ്പെടുത്തിയതിനാൽ ഒരു പുതിയ ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ചതായും അതിൻറെ ഡയറക്ടറായി എന്നെ നിയമിച്ചതായും പിതാവ് സമ്മേളനത്തിൽ വച്ച് പ്രഖ്യാപിച്ചു.

## 2. പ്രവർത്തനങ്ങൾ

രൂപതയിൽ അജപാലന പ്രവർത്തനങ്ങൾക്കു പുതിയൊരുണർവും ദിശാബോധവും നൽകാൻവേണ്ടി

ദീർഘമായ ഒരുക്കങ്ങൾക്കുശേഷം നടത്തിയതായിരുന്നു 1982 നവംബറിലെ വൈദിക സമ്മേളനം. വചനപ്രഘോഷണവുമായി ബന്ധപ്പെട്ട് സമ്മേളനത്തിൽ പൊന്തിവന്ന നിർദ്ദേശങ്ങൾ (1982 ഡിസംബറിലെ ഗിരിദീപം കാണുക) നടപ്പിലാക്കാനായിരുന്നു എൻറെ ശ്രമം. എല്ലാ വീടുകളിലും ബൈബിൾ എത്തിക്കുക, ബൈബിൾ സന്ദേശം ലളിതമായ രീതിയിൽ അവതരിപ്പിക്കുന്ന പുസ്തകങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ മുതലായവ പ്രസിദ്ധീകരിക്കുക, കൺവെൻഷനുകൾ സെമിനാറുകൾ, ക്ലാസ്സുകൾ മുതലായവയിലൂടെ ജനമധ്യത്തിൽ ബൈബിളിനോടു താല്പര്യം ജനിപ്പിക്കുകയും അറിവ് പകരുകയും ചെയ്യുക മുതലായവയായിരുന്നു പ്രധാന നിർദ്ദേശങ്ങൾ. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാനാണ് അന്നുമുതൽ ഇന്നുവരെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

## 2.1. ബൈബിൾ വിതരണം

രൂപതവക ബുക്കുസ്റ്റാൾ വഴിയാണു ബൈബിൾ വിതരണം ചെയ്തുകൊണ്ടിരുന്നത്. ഇന്നും അങ്ങനെതന്നെ. 1981 ഡിസംബറിൽ സമ്പൂർണ്ണ ബൈബിൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. അതിനു മുമ്പായി സൗജന്യ നിരക്കിൽ 6000 ബൈബിൾ ഓർഡർ ചെയ്തിരുന്നു. എന്നാൽ മൂവായിരത്തിൽ താഴെ കോപ്പികളേ 1982 ഡിസംബർ വരെ വിതരണം ചെയ്തിരുന്നുള്ളു. സമ്പൂർണ്ണ ബൈബിൾ വാങ്ങാൻ ആർക്കും തന്നെ വലിയ താല്പര്യമുണ്ടായിരുന്നില്ല.

സെമിനാറുകളും കൺവൻഷനുകളും ബഹു. വികാരിയച്ചന്മാരുമായി നടത്തിയ നേരിട്ടുള്ള സംഭാഷണങ്ങളും, അതിനെല്ലാം ഉപരി, ശക്തിയാർജിച്ചു വന്ന കരിസ്മാറ്റിക് നവീകരണ ധ്യാനങ്ങളും സാവകാശം ഈ മേഖലയിൽ ഫലം പുറപ്പെടുവിച്ചു തുടങ്ങി. ആഴ്ചയിൽ അഞ്ചു രൂപ വീതം അടച്ച് എട്ട് ആഴ്ച കൊണ്ട് പൂർത്തിയാക്കുന്ന ബൈബിൾ കുറികൾ ആരംഭിക്കാൻ പല ഇടവകകളും തയ്യാറായി. 1983 അവസാനമായപ്പോഴേക്കും സന്ദേശഭവൻ ബുക്ക്സ്റ്റാളിൽ ഉണ്ടായിരുന്ന ബൈബിൾ തീർന്നു. തുടർന്നു പി. ഒ. സി. യിൽനിന്നു ബൈബിൾ ജീപ്പിനു കൊണ്ടുവന്നു ഇടവക തോറും വിതരണം ചെയ്തു. അങ്ങനെ 24 ഇടവകകളിലായി 2150 ബൈബിൾ 1984 ജൂൺ വരെ വിതരണം ചെയ്യുകയുണ്ടായി. ഓരോ കുറിക്കും 140 രൂപ വീതം നഷ്ടം സഹിച്ചാണ് ബൈബിൾ എത്തിച്ചു കൊടുത്തിരുന്നത്. പി. ഒ. സി. യിൽനിന്നു ഇടവകയിൽ എത്തിക്കുന്നതിന്റെ ചിലവും ഡിപ്പാർട്ട്മെൻറ് വഹിക്കുകയായിരുന്നു. എന്നിട്ടും അതിഭക്ത തലശ്ശേരി-താമരശ്ശേരി രൂപതയിലെ 24 ഇടവകകൾ മാത്രമേ ഈ പദ്ധതിയിൽ പങ്കുചേരാൻ തയ്യാറായുള്ളൂ. ബൈബിൾ എടുത്ത ചില ഇടവകകളിൽ കോപ്പികൾ മുഴുവൻ ചിലവാകാതെ പോയി. പലേടത്തു നിന്നും ബൈബിൾ തിരിച്ചെടുക്കേണ്ടി വന്നു. പണം മുഴുവൻ തരാത്ത ചുരുക്കം ചില ഇടവകകളുമുണ്ടായിരുന്നു.

കാലക്രമത്തിൽ സ്ഥിതിഗതികൾ മാറി. ആളുകൾക്കു ബൈബിളിനോടു താല്പര്യം ഉണ്ടായി. ആവശ്യത്തിനു ബൈബിൾ കൊടുക്കാൻ കഴിയാതെ വന്നു. ആവശ്യം വർദ്ധിക്കുകയും വിതരണം തൃപ്തികരമല്ലാതെ വരികയും ചെയ്തപ്പോഴാണ് പി. ഒ. സി. യിൽനിന്നു 1991ൽ ബൈബിൾ സൊസൈറ്റി ആരംഭിച്ചത്. സൊസൈറ്റിയിൽ അംഗത്വം എടുക്കാൻ സന്യാസസഭകളും ചില ഇടവകകളും വ്യക്തികളും തയ്യാറായെങ്കിലും വേണ്ടത്ര സഹകരണം ഉണ്ടായില്ല. അതിനാൽ 1992ലെ ക്രിസ്മസ് കരോൾ പിരിവ് ബൈബിൾ വിതരണത്തിനായി മാറ്റിവയ്ക്കണമെന്ന് ഒരു ഇടയലേഖനം വഴി പിതാവ് ആവശ്യപ്പെട്ടു. വ്യക്തിഗത മെമ്പർഷിപ്പ് എടുക്കാനുള്ള ശ്രമവും തുടർന്നു. 1995ൽ വീണ്ടും ഇടവകാതലത്തിൽ ഒരു പിരിവ് കൂടി നടത്തി. അതിന്റെയെല്ലാം ഫലമായി 690,000 രൂപ ശേഖരിക്കാൻ കഴിഞ്ഞു. 4,50,000 രൂപ പി. ഒ. സി. യിൽ ബൈബിൾ സൊസൈറ്റിയെ ഏൽപ്പിച്ചു. ബാക്കി തുക ബൈബിൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള ഒരു റോളിംഗ് ഫണ്ടായി മാറ്റിവച്ചു. 1993 ജനുവരി മുതൽ സമ്പൂർണ്ണ ബൈബിൾ പി. ഒ. സി. യിൽനിന്നു വരുത്തുന്നതിന്റെ ഉത്തരവാദിത്വം ബൈബിൾ അപ്പസ്റ്റോലേറ്റ് ഏറ്റെടുത്തു. 1993-97 കാലഘട്ടത്തിൽ 17,000 ബൈബിൾ വാങ്ങി വിതരണം ചെയ്യാൻ സാധിച്ചു.

കോപ്പികൾ മുൻകൂർ വാങ്ങി സ്റ്റോക്ക് ചെയ്തിരുന്നതിനാൽ പി. ഒ. സി. യിൽ ബൈബിൾ ഇല്ലാത്തപ്പോഴും നമുക്ക് ബൈബിളുണ്ടായിരുന്നു.

ബൈബിൾ വിതരണത്തിനു വേണ്ടി തുക അടച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 100 രൂപയ്ക്ക് സൗജന്യ നിരക്കിൽ ഒരു ബൈബിൾ എന്ന കണക്കിലാണ് വിതരണം ചെയ്യുന്നത്. 2.5 ലക്ഷം രൂപ ഇവിടെ സൂക്ഷിച്ചതിനാൽ വർഷംതോറും സൗജന്യനിരക്കിൽ നൽകേണ്ടതിൽ 2500 കോപ്പികൾ കുറച്ചേ ലഭിക്കുമായിരുന്നുള്ളു. അതിനാൽ റോളിംഗ് ഫണ്ടിൽ ക്രമേണ കുറവു വരുന്നുണ്ട്. 1997 ഓഗസ്റ്റ് 15 തീയതി ഡിവൈൻ ധ്യാനകേന്ദ്രം ബൈബിൾ 60 രൂപ നിരക്കിൽ വിതരണം ചെയ്യാനാരംഭിച്ചു. ആ നിരക്കിൽ ബൈബിൾ ലഭ്യമാണെന്ന് സെപ്റ്റംബറിൽ അറിവു ലഭിച്ചു. പി. ഒ. സി. യിൽനിന്നു 100 രൂപക്കും 75 രൂപയ്ക്കും വാങ്ങിയ ആയിരത്തിൽപരം ബൈബിൾ 60 രൂപ നിരക്കിൽ വില്ക്കുക ആവശ്യമായി വന്നു. ആ ഇനത്തിലും റോളിംഗ് ഫണ്ടിൽ നിന്ന് ഏകദേശം 16,000 രൂപ കുറവ് വരും. ഇങ്ങനെ ബൈബിൾ വിതരണത്തിന് വേണ്ടിവന്ന നഷ്ടം മുഴുവൻ ബൈബിൾ അപ്പോസ്റ്റോലേറ്റ് വഹിച്ചു. വിശദമായ കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

## 2.2. കൺവൻഷനുകൾ

സാധാരണ ജനങ്ങൾക്ക് ബൈബിളിനോട് ആഭിമുഖ്യം ഉണ്ടാകാനും ബൈബിൾ സന്ദേശം ഗ്രഹിക്കാനും സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും 1982-83 കാലഘട്ടത്തിൽ ബൈബിൾ കൺവൻഷനുകൾ നടത്തി. ഇതായിരുന്നു ബൈബിൾ അപ്പസ്റ്റോലേറ്റിന്റെ പേരിൽ നടത്തിയ ആദ്യത്തെ പ്രവർത്തനം. ജോർജ് പുതുമന, ജിയോ പുളിക്കൽ, ജോസ് കുരീക്കാട്ടിൽ, ജോസഫ് മാമ്പള്ളിക്കുന്നേൽ, ജോസ് മുള്ളങ്കാട്ടിൽ മുതലായ വൈദികരും പല അല്മായ സഹോദരങ്ങളും ചുരുക്കം സിസ്റ്റേഴ്സും കൺവൻഷനുകളിൽ പ്രസംഗിച്ചിരുന്നു. പല ഇടവകകളിൽ നിന്നായി മൂവ്വായിരത്തിനും അയ്യായിരത്തിനും ഇടയിൽ ആളുകൾ ഓരോ കൺവൻഷനുകളിലും പങ്കെടുത്തിരുന്നു.

കൺവൻഷനുവേണ്ടി പ്രത്യേകം പോസ്റ്റർ, പാട്ടുപുസ്തകം നോട്ടീസ് എന്നിവ അച്ചടിച്ച് മുൻകൂട്ടി ഇടവകകളിൽ നൽകിയിരുന്നു. ഒരുക്കമായി രണ്ടുമൂന്നു തവണ വീതം ഓരോ സ്ഥലത്തും പോയി വികാരിയച്ചന്മാരുമായി കണ്ടു സംസാരിച്ചു വേണ്ട സജ്ജീകരണങ്ങൾ നടത്താൻ ശ്രമിച്ചിരുന്നു. ഗാനശുശ്രൂഷ, ബൈബിൾ പാരായണം, പ്രാർത്ഥന, പ്രസംഗങ്ങൾ എന്നിവയ്ക്ക് പുറമെ ഫ്രാങ്കോ സെഫിറെല്ലി സംവിധാനം ചെയ്ത 'നസ്രത്തിലെ യേശു' എന്ന ഇംഗ്ലീഷ് ഫിലിം വിശദീകരണത്തോടു-കൂടി പ്രദർശിപ്പിക്കലും കൺവൻഷന്റെ ഭാഗമായി-

രുന്നു. വൈകുന്നേരം നാലുമണിക്ക് ആരംഭിക്കുന്ന പരിപാടികൾ പാതിരാത്രിയോടെയാണ് സമാപിക്കുക. രണ്ടു ദിവസം വീതമാണ് ഓരോ സ്ഥലത്തും കൺവൻഷൻ നടത്തിയിരുന്നത്. ഫൊറോനാ കേന്ദ്രങ്ങൾക്കു ശേഷം പല ഇടവകകളിലും ഈ പ്രോഗ്രാം നടത്തുകയുണ്ടായി. സൗത്ത് കാനറാ മിഷനിലെ എല്ലാ ഇടവകകളിലും ഈ പ്രോഗ്രാം സംഘടിപ്പിക്കാൻ കഴിഞ്ഞു. മാനന്തവാടി പുനലൂർ കൊല്ലം എന്നീ രൂപതകളിലെ പല കേന്ദ്രങ്ങളിലും ഈ കൺവൻഷൻ നടത്തുകയുണ്ടായി. 1982-84 കാലയളവിൽ അറുപതിൽ പരം കേന്ദ്രങ്ങളിൽ ബൈബിൾ കൺവൻഷനും ഫിലിം പ്രദർശനവും നടത്താൻ കഴിഞ്ഞു. കൂടുതൽ വിപുലമായ സന്നാഹത്തോടെ കരിസ്മാറ്റിക് കൺവൻഷനുകൾ പ്രചാരത്തിൽ വന്നപ്പോൾ ഞങ്ങൾ സാവധാനം പിന്മാറി. മറ്റു മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ആവശ്യമായും തോന്നി.

## 2.3. സെമിനാറുകൾ

പൊതുവായ ഒരു അവബോധവും ആവേശവും വളർത്താൻ കൺവൻഷനുകൾ സഹായിക്കും. എന്നാൽ പലപ്പോഴും ഉപരിപ്ലവമായ താൽപര്യത്തിൽ അത് ഒതുങ്ങി നിൽക്കുകയും വളരെ വേഗം കെട്ടടങ്ങുകയും ചെയ്യും. ബൈബിൾ വായിക്കുമ്പോളുണ്ടാകുന്ന സംശയങ്ങൾക്കു മറുപടി കൊടുക്കാനോ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളുടെ ആഴങ്ങളിലേക്കു കടക്കാനോ കൺവൻഷനുകളിൽ സാധിക്കുക-

യില്ലല്ലോ. അതിനാൽ ചെറിയ ഗ്രൂപ്പുകൾക്കായി ഏകദിന സെമിനാറുകൾ ഇടവകാതലത്തിൽ സംഘടിപ്പിക്കാൻ ശ്രമിച്ചു. മതാധ്യാപകർ, യുവ-ജനങ്ങൾ എന്നീ രണ്ടു വിഭാഗങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. 1985-90 കാലഘട്ടത്തിൽ മിക്കവാറും എല്ലാ ഫൊറോനാകളിലും മതാധ്യാപകർക്ക് വേണ്ടി ആണ്ടിൽ മൂന്നു ദിവസം വീതം മൂന്നു വർഷത്തേക്ക് ഏകദിന സെമിനാറുകൾ നടത്തുകയുണ്ടായി. ബൈബിൾ ഗ്രന്ഥങ്ങളിലൂടെയുള്ള ഒരു ഓട്ട പ്രദക്ഷിണവും സംശയനിവാകരണവുമായിരുന്നു ഈ സെമിനാറുകളിൽ ചെയ്തത്. സാമൂഹ്യനീതി, അനുരഞ്ജനം, വിമോചകനായ ക്രിസ്തു മുതലായ വിഷയങ്ങളെക്കുറിച്ചും ചില ഇടവകകളിൽ സെമിനാർ നടത്തി. 1990 'അനുരഞ്ജന വർഷ' ത്തോടനുബന്ധിച്ച് ഇരുപതിൽ പരം ഇടവകകളിൽ ഇടവകജനത്തിനു മുഴുവനായി ഏകദിന സെമിനാറും അനുതാപ ശുശ്രുഷയും നടത്തി.

## 2.4. ദീർഘകാല ബൈബിൾ പഠന പരിപാടി.

കൺവൻഷന്റെ കാര്യത്തിലെന്നതുപോലെ ഏകദിന സെമിനാറുകൾക്കും വലിയ പരിമിതികൾ ഉണ്ട്. അതിനാൽ ബൈബിൾ വിശദമായി പഠിക്കാൻ താല്പര്യമുള്ളവർക്കു വേണ്ടി സന്ദേശഭവൻ കേന്ദ്രമാക്കി ഒരു ദീർഘകാല ബൈബിൾ പഠന പരിപാടി ആസൂത്രണം ചെയ്തു. രണ്ട് മാസത്തിലൊരിക്കൽ മൂന്ന് ദിവസം വീതം നാലുവർഷംകൊണ്ട് ഉല്പത്തി മുതൽ വെളിപാടു

വരെയുള്ള 73 പുസ്തകങ്ങളും സാമാന്യം വിശദ-മായി പഠിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. ക്ലാസുകൾക്ക് പുറമേ സുവിശേഷപ്രഘോഷണം, ബൈബിൾ സന്ദേശം കലാരൂപത്തിൽ അവതരിപ്പിക്കൽ, വിവിധ പ്രാർത്ഥന രീതികൾ, സുവിശേഷം പങ്കുവെക്കൽ, ഗ്രൂപ്പ് ചർച്ചകൾ, മുതലായവയിലും പരിശീലനം നൽകുക ഈ പദ്ധതിയുടെ ഭാഗമായിരുന്നു. 1983 ഒക്ടോബറിൽ സിസ്റ്റേഴ്സിനും നവംബറിൽ അൽമായർക്കും വേണ്ടി രണ്ടു കോഴ്സുകൾ ആരംഭിച്ചു. അതോടൊപ്പം വൈദികർക്കു വേണ്ടിയും ഒരു പഠന പരിപാടി തുടങ്ങി. 85 സിസ്റ്റേഴ്സും 56 അൽമായരും 36 വൈദികരും പഠന പരിപാടിയുടെ ആരംഭത്തിൽ ഉണ്ടായിരുന്നു. ക്രമേണ എണ്ണം കുറഞ്ഞുവന്നു. 52 സിസ്റ്റേഴ്സും 26 അല്മായരും അവസാനം വരെ പങ്കെടുത്തു. വൈദികർക്കു വേണ്ടിയുള്ള പഠന പരിപാടി ഏകദേശം ഒന്നര വർഷത്തിനുശേഷം നിർത്തിവച്ചു. പങ്കെടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞതായിരുന്നു കാരണം. നാലുവർഷത്തെ ബൈബിൾ കോഴ്സ് അവസാനിക്കുന്നതിനു മുമ്പ് തന്നെ 1987ൽ അഞ്ച് ദിവസം വീതം ആറു തവണകളായി ഒരു വർഷം കൊണ്ട് ബൈബിൾ മുഴുവൻ പഠിക്കാൻ ഉതകുന്ന ഒരു പരിപാടി മതാധ്യാപകർക്കുവേണ്ടി സന്ദേശ-ഭവനിൽ വച്ചു നടത്തി. ഓരോ സമ്മേളനത്തിലും 50 ഓളം പേർ പങ്കെടുത്തിരുന്നു. അഞ്ചു ദിവസം വീട്ടിൽ നിന്നു മാറിനിൽക്കുന്നതു പ്രയാസമാണെന്നു കണ്ട-

തിനാൽ ആ പദ്ധതി പിന്നീടു തുടർന്നില്ല. രണ്ടു മാസത്തിൽ ഒരിക്കൽ മൂന്നു ദിവസം വീതമുള്ള പഠന പരിപാടി വീണ്ടും മൂന്നു തവണ കൂടി സംഘടിപ്പിക്കുകയുണ്ടായി. 1997 ഡിസംബർ മാസ-ത്തോടെ നാലാമത്തെ ബാച്ചിന്റെ പഠനം പൂർത്തി-യാകും. മൊത്തം 340 പേർ ഈ പരിപാടികളിൽ ആദ്യന്തം പങ്കെടുക്കുകയുണ്ടായി. രൂപതയുടെ അതിർത്തികൾക്ക് അപ്പുറത്ത് നിന്നും പലരും ഈ പഠനപരിപാടിയിൽ പങ്കെടുത്തു.

## 2.5. പ്രസിദ്ധീകരണങ്ങൾ.

### 2.5.a. ലഘുലേഖകൾ

ഡിപ്പാർട്ടുമെന്റിൻറെ തുടക്കം മുതലേ ബൈബിൾ സംബന്ധിയായ പ്രസിദ്ധീകരണങ്ങളിൽ ശ്രദ്ധിക്കുകയുണ്ടായി. യുവജനങ്ങൾക്കു സുവിശേഷ പഠനത്തിനും ഗ്രൂപ്പ് ചർച്ചകൾക്കും സഹായിക്കുന്ന വിധത്തിൽ Xavier Board of Higher Education എന്ന സ്ഥാപനം പ്രസിദ്ധീകരിച്ച ലഘുലേഖകൾ വിതരണം ചെയ്യാനാണ് ആദ്യമേ ശ്രമിച്ചത്. ഈ ലഘുലേഖകൾ ഉപയോഗിച്ചു പല ഇടവകകളിലും ക്ലാസുകളും ചർച്ചകളും സംഘടിപ്പിച്ചു. 1982-83 കാലഘട്ടത്തിൽ ഈ ലഘുലേഖകളെ ആസ്പദമാക്കി നിർമ്മലഗിരി കോളേജിൽ ക്ലാസെടുക്കുകയും 1983ൽ ഒരു ബൈബിൾ കലോത്സവം സംഘടിപ്പിക്കുകയും ചെയ്തു. എന്നാൽ 1983 ഒക്ടോബറിൽ റാണി ജയ ഇംഗ്ലീഷ് മീഡിയം സ്കൂളുമായി ബന്ധപ്പെട്ട ഒരു

തെറ്റിദ്ധാരണയുടെ പേരിൽ യാതൊരു വിശദീക-രണവും കൂടാതെ നിർമ്മലഗിരിയിലെ എൻറെ പ്രവർത്തനങ്ങൾ നിർത്തുകയാണു ചെയ്തത്. നവംബറിലേക്ക് നിശ്ചയിച്ചിരുന്ന ക്ലാസിന്റെ ഒരാഴ്ച മുൻപു ബ. പ്രിൻസിപ്പലിൻറെ ഒരു കത്ത് കിട്ടി: "ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ കോളേ-ജിൽ ക്ലാസ് എടുക്കാൻ വരേണ്ടതില്ല". ഈ അറിയിപ്പ് 14 വർഷം കഴിഞ്ഞിട്ടും ഉണ്ടായിട്ടുമില്ല.

1983ൽ സന്ദേശം എന്ന പേരിൽ ബൈബിളിലെ ആനുകാലിക പ്രസക്തിയുള്ള വിഷയ-ങ്ങളെ ആസ്പദമാക്കി ലഘുലേഖകൾ പ്രസി-ദ്ധീകരിച്ചു. 1984 അവസാനം വരെ ഈ പ്രസിദ്ധീകരണം തുടർന്നു. മൊത്തം 16 ലഘുലേഖകളും 3 തെരുവ് നാടകങ്ങളും അവയിൽപ്പെടും. 1984-86 കാലയളവിൽ വ-ത്തിക്കാൻ വിശ്വാസകാര്യാലയം വിമോചന ദൈവശാസ്ത്രത്തെക്കുറിച്ച് പുറപ്പെടുവിച്ച 2 ഔദ്യോഗിക രേഖകളുടെ വിവർത്തനവും ആദ്യ രേഖയെക്കുറിച്ച് ഫാദർ ജെ. കൊട്ടുകാ-പ്പിള്ളി തയ്യാറാക്കിയ ഒരു പഠനവും പ്രസിദ്ധീകരിച്ചു

## 2.5.b. ചിത്രകഥകൾ

1983 നവംബറിലാണ് ബൈബിൾ ചിത്രകഥയുടെ പ്രസിദ്ധീകരണം ആരംഭിച്ചത്. ബൈബിൾ അപ്പോ-സ്റ്റലേറ്റിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും അധികം ശ്രദ്ധിക്കപ്പെട്ടതും ഈ പ്രസിദ്ധീകരണം ആയിരുന്നു. ഹൈന്ദവ പുരാണങ്ങൾ, ഇതിഹാസങ്ങൾ, സൂഫി കഥകൾ, മുതലായവ ചിത്രകഥകൾ ആയി അന്നു വളരെയേറെ പ്രചാരത്തിൽ ഉണ്ടായിരുന്നു. എന്നാൽ ബൈബിൾ ചിത്രകഥകൾ ഉണ്ടായിരുന്നില്ല. ഉണ്ടായി-രുന്നത് ആകെ ഒന്നോ രണ്ടോ പുസ്തകങ്ങൾ മാത്രം. ചിത്രകഥാ രൂപത്തിൽ അവതരിപ്പിക്കുകയാണെ-ങ്കിൽ കുട്ടികൾക്കു ബൈബിളുമായി പരിചയപ്പെ-ടാൻ എളുപ്പമായിരിക്കും എന്നു തോന്നി. മതാധ്യാപകർ അതിനെ പ്രോത്സാഹിപ്പിച്ചു. താലന്ത് മാസികയിലൂടെ മൂന്നു വർഷമായി ബൈബിൾ ചിത്രകഥ പ്രസിദ്ധീകരിച്ചുള്ള പരിചയം കൈമുതലായുണ്ടായിരുന്നു. താലന്തിൻറെ കലാകാ-രൻ ദേവസി സഹകരണം വാഗ്ദാനം ചെയ്തു. 1983 സെപ്റ്റംബറിലെ വാർഷിക ധ്യാനത്തിന്റെ അവസരത്തിൽ ഈ ആശയം അച്ചന്മാരുടെ പരിഗണനക്കു വച്ചു. ആവശ്യമായ മൂലധനം സമാഹരിക്കുന്നതിന് അച്ചന്മാർ 200 രൂപ വീതം രണ്ടു വർഷത്തേക്ക് പലിശയില്ലാ കടമായി തരാം എന്നു സമ്മതിച്ചു. 1983 നവംബർ ഒന്നാം തീയതി 'ഏലിയാ പ്രവാചകൻ' എന്ന ആദ്യ പുസ്തകം പുറത്തുവന്നു.

വിതരണത്തിനുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. മുൻകൂർ ഓർഡർ ഒന്നും ലഭിച്ചിരുന്നില്ല. പുസ്തകം കണ്ടിട്ടാവട്ടെ ഓർഡർ എന്ന നിലപാടാണു പൊതുവേ സ്വീകരിക്കപ്പെട്ടത്. കുറെ ഇടവകകൾ പുസ്തകങ്ങൾ എടുത്തു. മിഷൻലീഗും സിസ്റ്റേഴ്സും സഹകരിച്ചു. കേരളത്തിലെ എല്ലാ രൂപതാകേന്ദ്രങ്ങളിലേക്കും കത്തു സഹിതം സാമ്പിൾ കോപ്പി അയച്ചു. അറിയാമായിരുന്ന സകല കത്തോലിക്കാ ബുക്ക് സ്റ്റാളുകളിലും പുസ്തകം ജീപ്പിൽ എത്തിച്ചു. പൊതുവേ തണുത്ത പ്രതികരണമായിരുന്നു. ചിലവായില്ലെങ്കിൽ തിരിച്ചെടുത്തു കൊള്ളാം എന്ന നിബന്ധനയിൽ 50-100 കോപ്പികൾ വീതം ചിലരൊക്കെ എടുത്തു. എന്നാൽ പ്രതീക്ഷിച്ചതുപോലെ വിറ്റു പണം കിട്ടിയില്ല. രണ്ടുമാസത്തിനകം അടുത്ത പുസ്തകം 'എലീഷാ' പുറത്തുവന്നു. പ്രതികരണം അല്പം കൂടി മെച്ചമായിരുന്നു. എറണാകുളം രൂപതയിലെ 15 സ്കൂളുകളിൽ നേരിട്ട് പുസ്തകവുമായി ചെന്ന് ഓർഡർ സ്വീകരിക്കാൻ ശ്രമിച്ചു. സാമാന്യം നല്ല പ്രതികരണം ലഭിച്ചു. രണ്ടു പുസ്തകങ്ങൾ വിതരണം ചെയ്യാമെന്നു പലരും സമ്മതിച്ചു. തുടർച്ചയായുള്ള ഓർഡർ കിട്ടിയില്ല. എന്നാലും പ്രസിദ്ധീകരണം തുടർന്നു.

1984 ഒക്ടോബർ ആയപ്പോഴേക്കും പുസ്തകങ്ങൾ അഞ്ചായി. എന്നിട്ടും മുടക്കിയതിന്റെ പകുതി തുക പോലും തിരിച്ചുകിട്ടിയില്ല. ഓർഡറുകൾ

കുറഞ്ഞു. 20,000 കോപ്പി വീതമാണ് അടിച്ചിരുന്നത്. ആദ്യത്തെ രണ്ട് പുസ്തകങ്ങളുടെ പകുതിയോളം സൗജന്യമായി പോയി. ബാക്കി മൂന്നിന്റെയും മൂന്നിലൊന്നു പോലും വിൽക്കാൻ കഴിഞ്ഞില്ല. സഹകരണം വാഗ്ദാനം ചെയ്ത പലരും സഹകരണം വാക്കിലൊതുക്കി. പ്രസിദ്ധീകരണം വലിയൊരു പ്രതിസന്ധിയിൽ ആയി. അച്ചന്മാർ മൂലധനം വാഗ്ദാനം ചെയ്തിരുന്നതിൽ പകുതി പോലും ലഭിക്കാതെ വന്നതിനാൽ വലിയ സാമ്പത്തിക ഞെരുക്കവും അനുഭവപ്പെട്ടു. സാമ്പത്തിക ഞെരുക്കത്തെക്കുറിച്ചു പിന്നീട് പറയാം. ചിത്രകഥ പ്രസിദ്ധീകരണം അവസാനിപ്പിക്കുന്നതിനു മുൻപ് ഒരു അന്തിമശ്രമം എന്ന വിധത്തിൽ ഒരു സാഹസത്തിന് മുതിർന്നു

സമ്പൂർണ്ണ ബൈബിൾ 50 ചിത്രകഥാ പുസ്തകങ്ങളായി, ഇംഗ്ലീഷിലും മലയാളത്തിലും ഒരേസമയം, വർഷം ആറു പുസ്തകം വീതം പ്രസിദ്ധീകരിക്കുന്നു എന്ന് ഒരു പരസ്യം കേരളത്തിലെ എല്ലാ രൂപതാ ബുള്ളറ്റിനിലും, താലന്ത്, സത്യദീപം മുതലായവയിലും കൊടുത്തു. 1985 ജനുവരിയിൽ 'കായേനും ആബേലും' എന്ന പുസ്തകം മലയാളത്തിൽ പതിനയ്യായിരവും ഇംഗ്ലീഷിൽ പതിനായിരവും കോപ്പി വീതം പ്രസിദ്ധീകരിച്ചു. ഇതിന് ഓർഡർ കിട്ടുന്നില്ലെങ്കിൽ പദ്ധതി റദ്ദാക്കാം എന്നായിരുന്നു വിചാരം. എന്നാൽ ദൈവത്തിന് വേറെ പദ്ധതി-

യുണ്ടായിരുന്നു. ഒരു മാസത്തിനകം മലയാളം 10,000 കോപ്പിയും ഇംഗ്ലീഷ് 5000 കോപ്പിയും ചെലവായി. തന്നെയുമല്ല, ഇത്രയും കോപ്പിക്ക് ഒരു വർഷത്തേക്കുള്ള വരിസംഖ്യയും ലഭിച്ചു. അതിനാൽ വലിയ ബുദ്ധിമുട്ടു കൂടാതെ ആ വർഷം ആറു പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. ഇംഗ്ലീഷ് കോപ്പികളുടെ വിതരണത്തിൽ ഫാ. സി. പി. വർക്കി SJ യുടെ സഹകരണം വളരെ ഫലം ചെയ്തു. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലുമുള്ള അനേകം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് അദ്ദേഹം നേരിട്ട് എഴുതി. പരിചയമുണ്ടായിരുന്നവർ അതിനു നന്നായി പ്രതികരിച്ചു.

1985 ഏപ്രിൽ മാസത്തിൽ, ആന്ധ്രയിൽ നിന്ന് ജോൺ തരകൻ തെലുങ്കു ഭാഷയിലേക്കും, മിസോറാമിൽ നിന്ന് ഒരു പ്രസ്ബിറ്റേറിയൻ പബ്ലിഷേഴ്സ് മിസോയിലേക്കും, ഈ ചിത്രകഥകൾ വിവർത്തനം ചെയ്യുന്നതിനെപ്പറ്റി അന്വേഷിച്ചു കൊണ്ടെഴുതി. ജൂൺ മാസത്തോടെ രണ്ട് ഭാഷയിലും വിവർത്തനം ആരംഭിച്ചു

കഥ ചുരുക്കട്ടെ 1991 ഏപ്രിൽ മാസത്തോടെ 51 ചിത്രകഥാ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് ഏകദേശം എട്ടുകൊല്ലം ദീർഘിച്ച ആ യജ്ഞം പൂർത്തിയാക്കാൻ ദൈവം അനുവദിച്ചു. മീസോ ഭാഷയിൽ അമ്പതും, തെലുങ്കിൽ മുപ്പതും

പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അതിനുപുറമേ ഹിന്ദി (19), തമിഴ് (16), ബോഡോ (3), കൊങ്കണി(2), കന്നഡ (5), ഓറിയ (50), എന്നീ ഭാഷകളിലും വിവർത്തനങ്ങൾ ഉണ്ടായി. ഓരോ ഭാഷയിലേക്കുള്ള വിവർത്തനങ്ങൾ നടത്തിയതും മൊത്തമായി പണം തന്നു പുസ്തകങ്ങൾ എടുത്തതും അതാത് സംസ്ഥാനങ്ങളിലെ ഓരോ ഏജൻസികളാണ്.

1987ൽ മരിയൻ വർഷം പ്രമാണിച്ചു മാതാവിനെക്കുറിച്ച് ഒരു ചിത്രകഥ തയ്യാറാക്കി. കൂടരഞ്ഞിയിൽ നിന്നുള്ള ബെന്നി തോണക്കരയാണ് 100 പേജുള്ള ഈ പുസ്തകത്തിൻറെ പടങ്ങൾ മുഴുവൻ വരച്ചത്. ഒരേസമയം മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, ബോഡോ എന്നീ അഞ്ചു ഭാഷകളിൽ ഇതു പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രതീക്ഷിച്ചതിനേക്കാൾ വലിയ സ്വീകരണമാണ് ഇതിനു കിട്ടിയത്. മലയാളത്തിൽ 25,000 കോപ്പി പ്രസിദ്ധീകരിച്ചു രണ്ടുമാസം കഴിഞ്ഞപ്പോൾ വീണ്ടും അടിക്കേണ്ടി വന്നു.

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് 1995ൽ പ്രസിദ്ധീകരിച്ചതാണ് അവസാനത്തെ ചിത്രകഥ. രൂപതയിലെ അച്ചന്മാരുടെ പൊതുസമ്മേളനത്തിന്റെ അനുഗ്രഹാശിസുകളോടെയാണ് ഈ പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. 13000 കോപ്പിക്ക് അച്ചന്മാർ ഓർഡർ

തരുകയും ചെയ്തു. എന്നാൽ അന്നു പേരെഴുതി ഒപ്പിട്ടു തന്ന ഓർഡറിൽ മൂവ്വായിരത്തിൽപ്പരം കോപ്പികൾ ഇനിയും എടുക്കാത്തവരുണ്ട്. അതേസമയം, മുൻകൂർ ഓർഡർ തന്നില്ലെങ്കിലും ഇടവകയിലെ എല്ലാ വീടുകളിലും ഇതിൻറെ കോപ്പികൾ വാങ്ങി വിതരണം ചെയ്ത അച്ചന്മാരുമുണ്ട്.

## 2.5.c. കുട്ടികളുടെ ബൈബിൾ.

പടങ്ങൾക്ക് ചായം കൊടുത്തും പാട്ടുപാടിയും കഥപറഞ്ഞും ബൈബിൾ പഠിക്കുന്നതിനു കൊച്ചു കുട്ടികളെ സഹായിക്കാൻ വേണ്ടി 1989-90ൽ നാലു പുസ്തകങ്ങൾ തയ്യാറാക്കി. ബ. ജോർജ് കൊടകനാ-ടിയച്ചനാണ് ഈ സംരംഭത്തിന് പ്രചോദനം നൽകിയത്. കൊച്ചുകുട്ടികൾക്ക് അവധിക്കാലത്തു ബൈബിൾ പഠന ക്ലാസുകൾ സംഘടിപ്പിക്കാൻ സഹായിക്കുന്നതിനായി പതിനാല് ഉപമകൾ ആദ്യം പ്രസിദ്ധീകരിച്ചു. ഈ ശൈലിയിൽ കൂടുതൽ പുസ്തകങ്ങൾ ഉണ്ടാക്കിയാൽ L. P. ക്ലാസുകളിൽ വേദപാഠത്തിന് ടെക്സ്റ്റ് ബുക്കായി ഉപയോഗി-ക്കാമെന്ന് ബ. കൊഴുവനാലച്ചൻ പറഞ്ഞത് കൂടുതൽ പ്രോത്സാഹനമായി. രണ്ടുമാസത്തിനിടക്ക് മൂന്ന് പുസ്തകങ്ങൾ തയ്യാറാക്കാൻ കഴിഞ്ഞു. പിന്നീട് 1992ൽ നാലാം ക്ലാസിലെ പാഠപുസ്തകമായി 'യേശുവിനോട് കൂടെ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.

## ചിത്രകഥകൾ സ്കൂളിലെ പാഠപുസ്തകങ്ങൾ

താമരശ്ശേരി രൂപതയിലെ മതബോധന ഡയറക്ടർ ഫാദർ ആൻറണി കൊഴുവനാൽ ചിത്രകഥകളിൽ വളരെ തല്പരനായിരുന്നു. അച്ചൻ കാനഡയിൽ ആയിരുന്നപ്പോൾ നമ്മുടെ ഇംഗ്ലീഷ് ചിത്രകഥകൾ വാങ്ങി അവിടെയുള്ള കുട്ടികളെ പഠിപ്പിച്ചിരുന്നു. ആ അനുഭവത്തിന്റെ വെളിച്ചത്തിൽ തലശ്ശേരി രൂപതയിലെ സ്കൂളുകളിൽ ചിത്രകഥാ പഠനം ഒരു പരീക്ഷണം എന്ന നിലയിൽ 1989ൽ ആരംഭിച്ചു. ഓരോ ക്ലാസിലും പഠിപ്പിക്കുന്ന അധ്യാപകർക്കു പ്രത്യേകം പ്രത്യേകം PMOC യിൽ വച്ച് ഏകദിന പരിശീലനം നൽകുകയുണ്ടായി. ബ. അഗസ്റ്റിൻ മണക്കാട്ടുമറ്റം കോർപ്പറേറ്റ് മാനേജർ ആയിരുന്നിടത്തോളം കാലം ഈ പാഠ്യപദ്ധതി തുടർന്നു.

1987 മുതൽ തലശ്ശേരി സൺഡേ സ്കൂളിൽ ചിത്രകഥകൾ ഉപപാഠമായി നിർദ്ദേശിച്ചെങ്കിലും പ്രതീക്ഷിച്ചത്ര ഫലപ്രദമാകാതിരുന്നതിനാൽ ആ പദ്ധതി നിർത്തലാക്കേണ്ടിവന്നു. ബ. ജോസഫ് വലിയകണ്ടം കോർപ്പറേറ്റു മാനേജർ ആയി ചാർജ് എടുത്ത ശേഷം 1991ൽ തലശ്ശേരിയിലെ സ്കൂളുകളിൽ മതബോധനത്തിനു പാഠപുസ്തകമായി ചിത്രകഥകൾ സ്വീകരിച്ചു. 1991 ജൂലൈ മാസത്തിൽ സന്ദേശഭവനിൽ വച്ചു അധ്യാപകർക്കു വേണ്ടി ഓരോ ക്ലാസിനും ഓരോ ദിവസം വീതം പരിശീലനം നൽകി. അതിൽ എല്ലാ അധ്യാപകർക്കും

പങ്കെടുക്കാൻ കഴിയാതെ വന്നതിനാൽ പിറ്റേ വർഷം എട്ടുപേർ അടങ്ങുന്ന ഒരു ടീമായി രൂപതയിലെ പല മേഖലകളിൽ വച്ച് സ്കൂൾ അധ്യാപകർക്ക് വേണ്ടി ഏകദിന പരിശീലന ക്യാമ്പുകൾ നടത്തി. ചിത്രകഥകൾ സ്കൂളിൽ പഠിപ്പിക്കുന്നതിന് ആവശ്യ-മായ നാലു ഗൈഡുകൾ 1991ൽ തയ്യാറാക്കി.

1992-ൽ കോഴിക്കോട് പുനലൂർ രൂപതകളിലും കോട്ടയം രൂപതയുടെ മലബാർ റീജിയണിലും സൺഡേ സ്കൂളിൽ ഉപപാഠമായി ചിത്രകഥകൾ എടുത്തു. ഓരോ രൂപതയിലും ടീച്ചേഴ്സിനുള്ള പരിശീലനം ഇവിടെ നിന്നും ടീമായി പോയി നടത്തിക്കൊടുത്തു. 1993-ൽ മാനന്തവാടി രൂപത-യിലെ L. P. - U. P. വിഭാഗം നമ്മുടെ പാഠ്യപദ്ധതി സ്വീകരിക്കുകയും വിവിധ കേന്ദ്രങ്ങളിൽ വച്ച് അധ്യാപക പരിശീലനം നൽകുകയും ചെയ്തു. 1997-ൽ പാലക്കാട് രൂപത L. P. വിഭാഗത്തിലേക്കു കുട്ടികളുടെ ബൈബിൾ എടുക്കുകയുണ്ടായി

## 2.5.d. ബൈബിൾ കുടുംബ പ്രാർത്ഥനയിൽ

കുടുംബ പ്രാർത്ഥനയോടനുബന്ധിച്ചു വീടുക-ളിൽ ബൈബിൾ വായിക്കുന്നതിന് ഒരു ഗൈഡ് തയ്യാറാക്കുന്നത് ഉപകാരപ്രദമായിരിക്കും എന്ന ആശയം 1987 NBCLC യിൽ വച്ചു നടന്ന അഖിലേന്ത്യാ ബൈബിൾ സമ്മേളനത്തിൽ പൊന്തിവന്നു. ഒരു പരീക്ഷണമെന്ന നിലയിൽ 50 നോമ്പിലെ ഓരോ ദിവസവും വായിക്കാൻ പറ്റിയ ബൈബിൾ

ഭാഗങ്ങളും, ആമുഖ പ്രാർത്ഥന, കാറോസൂസാ, സമാപന പ്രാർത്ഥന എന്നിവയും ചേർത്ത് 1988 ഫെബ്രുവരിയിൽ ഒരു ചെറിയ പുസ്തകം പുറത്തിറക്കി. അച്ചടിച്ച 15,000 കോപ്പിയും ഒരാഴ്ചയ്ക്കയും തീർന്നുപോയി. ബ. അച്ചന്മാർ ആത്മാർത്ഥമായി സഹകരിച്ചു. എവർക്കും ഉപകാരപ്രദമായിരുന്നു പുസ്തകം എന്ന് അറിയുകയും ചെയ്തു. അതിനാൽ ആണ്ടുവട്ടം മുഴുവൻ ഇപ്രകാരമുള്ള ബൈബിൾ വായനയ്ക്കും പ്രാർത്ഥനയ്ക്കും സഹായിക്കുന്ന ഗൈഡുകൾ നാലു പുസ്തകങ്ങളായി 1989-90 ൽ പ്രസിദ്ധീകരിച്ചു. അതോടൊപ്പം, ദിവ്യകാരുണ്യാരാധനക്കു സഹായകമായി 'ആരാധന ബൈബിളിലൂടെ' എന്ന പുസ്തകവും. ഓരോ പുസ്തകത്തിൻറെയും അയ്യായിരത്തിൽപരം കോപ്പികൾ ഒരു വർഷത്തിനകം വിതരണം ചെയ്യപ്പെട്ടു.

## 2.5.e. നാലു പുസ്തകങ്ങൾ

ബൈബിളിനെ സംബന്ധിച്ച് ഏറ്റവും കൂടുതൽ സംശയങ്ങളും ചോദ്യങ്ങളും വരുന്നത് ഉല്പത്തി പുസ്തകത്തിലെ ആദ്യത്തെ മൂന്ന് അധ്യായങ്ങളിൽ നിന്നാണ്. ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം കൊടുക്കാൻ സഹായിക്കുന്ന ഒരു പുസ്തകം 1984 ഒക്ടോബറിൽ പ്രസിദ്ധീകരിച്ചു. ബ. തോമസ് പതിയ്ക്കൽ അച്ചൻ ഇംഗ്ലീഷിൽ നിന്ന് വിവർത്തനം ചെയ്ത് ആവശ്യമായ തിരുത്തലകളും സുദീർഘ-

മായ ഒരു ആമുഖവും കൂട്ടിച്ചേർത്തു പ്രസിദ്ധീ-
കരിച്ചതാണ് 'പഞ്ചഗ്രന്ഥം ഒരു ആമുഖം'.

തലശ്ശേരിയിൽ വച്ചു നടത്തിയിരുന്ന ബൈബിൾ ക്ലാസുകളിൽ, കൗൺസിലിംഗും വ്യക്തിത്വ വികസനവും എന്ന വിഷയത്തെക്കുറിച്ച് സി. ഗ്ലോറിസ്റ്റാ SABS ക്ലാസുകൾ എടുത്തിരുന്നു. 1984 ൽ മനോരമ ആഴ്ചപ്പതിപ്പിൽ പിശാചു ബാധയുടെ അത്ഭുതകഥകൾ എന്ന പേരിൽ ഒരു ലേഖന പരമ്പര പ്രത്യക്ഷപ്പെട്ടു. പിശാചിനെക്കുറിച്ചും പ്രേതബാധ-യെക്കുറിച്ചും അനേകം തെറ്റിദ്ധാരണകൾ പരത്തുന്ന-തായിരുന്നു ഈ ലേഖന പരമ്പര. അതിനു ഒരു പ്രതികരണമായി താലന്ത് മാസികയിൽ സി. ഗ്ലോറിസ്റ്റാ പ്രസിദ്ധീകരിച്ച ലേഖനം ഏറെ ശ്രദ്ധിക്കപ്പെട്ടു. ഈ രണ്ടു പശ്ചാത്തലങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് 'മനസ്സും വ്യക്തിത്വ-വളർച്ചയും' എന്ന പുസ്തകം 1986 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചത്.

യഹോവ സാക്ഷികൾ, പെന്തക്കോസ്തുകാർ, മുതലായവരുടെ ചോദ്യങ്ങൾ കത്തോലിക്കരുടെ ഇടയിൽ വലിയ ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കു-ന്നുണ്ട്. യേശുവിൻറെ ദൈവത്വം, പരിശുദ്ധ ത്രിത്വം, കൂദാശകൾ, വിശുദ്ധരുടെ മാധ്യസ്ഥം, പ്രതിമാ-വണക്കം, മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥന, തുടങ്ങി അനേകം വിഷയങ്ങളിൽ വ്യക്തവും

ലളിതവുമായ ഉത്തരം നൽകാൻ വേണ്ടിയാണ് 1990 ജനുവരിയിൽ വിശ്വാസത്തിൻറെ വേരുകൾ എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. ഈ പുസ്തകത്തിൻറെ കയ്യെഴുത്തുപ്രതി മുഴുവൻ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് സശ്രദ്ധം വായിക്കുകയും ചില തിരുത്തലുകളും വിശദീകരണങ്ങളും നിർദ്ദേശിക്കുകയും പുസ്തകത്തിനു ഹൃദ്യമായ അവതാരിക എഴുതിത്തരുകയും ചെയ്തത് നന്ദിയോടെ സ്മരിക്കുന്നു. ആദ്യം അച്ചടിച്ച 6000 കോപ്പികൾ രണ്ടുമാസത്തിനകം വിറ്റഴിഞ്ഞതിനാൽ പുതിയ പതിപ്പു വേണ്ടിവന്നു.

ബൈബിളിലെ മനസ്സിലാക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ള പുസ്തകമാണ് വെളിപാട്. ഏറെ ദുർവ്യാഖ്യാനങ്ങൾക്കും തെറ്റിദ്ധാരണകൾക്കും ഇരയാകുന്ന ഒരു പുസ്തകമാണിത്. കത്തോലിക്കാ സഭയ്ക്കും വിശ്വാസത്തിനും എതിരേ ദുരാരോപണങ്ങൾ ചൊരിയാനുള്ള ഒരു ഉപകരണമായി ഈ പുസ്തകം ഉപയോഗിക്കപ്പെടുന്നുണ്ട്. അതിനാൽ ഈ പുസ്തകത്തിൻറെ ഒരു വ്യാഖ്യാനം അത്യന്താപേക്ഷിതമായിരുന്നു. 1991 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച 'വെളിപാട് പുസ്തകം - ഒരു വ്യാഖ്യാനം' എന്ന പുസ്തകത്തിനും നല്ല സ്വീകരണം ലഭിച്ചു. അച്ചടിച്ച 6000 കോപ്പിയും ഒരു വർഷത്തിനകം വിറ്റഴിഞ്ഞതിനാൽ രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചു. ഫാ. ജോസ് കണിവേലി, ഫാ. ജിയോ പുളിക്കൻ, ഫാ.

ജോർജ് പുതുമന എന്നിവർ അവസാനം പറഞ്ഞ രണ്ടു പുസ്തകങ്ങളുടെ കൈയെഴുത്തു പ്രതികൾ പരിശോധിച്ചു വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയതു കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു. പല പുസ്തകങ്ങളുടെയും പരമ്പരകളുടെയും പേരു നിർദ്ദേശിച്ചു തന്നത് ഇന്ന് നിർമ്മലഗിരി കോളേജിൻറെ പ്രിൻസിപ്പൽ ആയ ഫാ. ജിയോ പുളിക്കലാണ്.

## 2.5.f. ബൈബിൾ തീർത്ഥാടനം.

ലഘുലേഖകൾ, ചിത്രകഥകൾ, പ്രാർത്ഥനാ സഹായികൾ, ഇവയെല്ലാം ബൈബിളിനെക്കുറിച്ച് പൊതുവായ ഒരു പരിചയം നൽകാൻ ഉപകരിച്ചു. ചില പുസ്തകങ്ങളും വിഷയങ്ങളും വിശദമായി പഠിക്കാനും ഇതുവരെ നടത്തിയ പ്രസിദ്ധീകരണങ്ങൾ സഹായിച്ചു. എന്നാൽ ഇതുപോരാ, ബൈബിൾ ആദ്യന്തം വിശദമായി പഠിക്കാൻ സഹായിക്കുന്ന പുസ്തകങ്ങൾ ഉണ്ടാകണം എന്ന ആശയം പല ഭാഗങ്ങളിൽ നിന്നും ഉയർന്നുവന്നു. സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്ന ക്ലാസുകളിൽ ചുരുക്കം പേർക്കേ പങ്കെടുക്കാൻ കഴിയുന്നുള്ളൂ. ബൈബിളിലെ 73 പുസ്തകങ്ങൾക്കും ലളിതവും സാമാന്യം വിശദവും ആനുകാലിക പ്രസക്തവുമായ ഒരു വ്യാഖ്യാനം കാലഘട്ടത്തിൻറെ ആവശ്യമാണെന്നു മനസ്സിലാക്കി. അതിനാൽ 1992 അവസാനത്തോടെ 'ബൈബിൾ തീർത്ഥാടനം' എന്ന വ്യാഖ്യാന പരമ്പര തയ്യാറാക്കാൻ തുടങ്ങി.

1992 ഒക്ടോബറിൽ ആദ്യത്തെ പുസ്തകം BT-1 (ഉൽപത്തി 1 - 3) പ്രസിദ്ധീകരിച്ചു. തുടർന്ന് ഒരു വർഷത്തിനിടയിൽ ഉല്പത്തി, പുറപ്പാട്, എന്നീ രണ്ടു പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങൾ (BT-1-6) പൂർത്തി-യാക്കി. തികച്ചും അപ്രതീക്ഷിതമാം വിധം പ്രോത്സാഹജനകമായിരുന്നു ഈ പുസ്തകങ്ങൾക്ക് ലഭിച്ച സ്വീകരണം. ആറായിരത്തിൽപ്പരം പേർ വരിക്കാരായി ചേർന്നു. പല രൂപതകളിലും ഇത് യുവജനങ്ങൾക്കു പാഠപുസ്തകമായി സ്വീകരിച്ചു. അനേകം പഠനകളരികൾ ഈ പുസ്തകങ്ങൾ പഠിക്കാൻ ആരംഭിച്ചു. ഇതിനെല്ലാം ജീസസ് യൂത്തിൻറെ സജീവ സഹകരണം ഏറെ സഹാ-യിച്ചു. പല സന്യാസിനി സഭകളിലും ഇതിൻറെ പഠനം ഒരു നിർബന്ധിത പദ്ധതിയാക്കി. 1996 ഡിസംബർ വരെ 12 പുസ്തകങ്ങൾ പ്രസിദ്ധീകരി-ക്കാൻ കഴിഞ്ഞു. ഉല്പത്തി മുതൽ ദിനവൃത്താ-ന്തങ്ങൾ രണ്ടാം പുസ്തകം വരെയുള്ള 14 ബൈബിൾ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനമാണ് 1500 ൽ പരം പേജുകളിലായി പ്രസിദ്ധീകരിച്ചുകഴിഞ്ഞത്. ഈ പരമ്പര തുടർന്നു പൂർത്തിയാക്കണമെന്നു വായന-ക്കാരെല്ലാം ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു. ദൈവം ആഗ്രഹിക്കുകയും അനുവദിക്കുകയും ചെയ്യുന്നെങ്കിൽ ഇതു പൂർത്തിയാക്കണം എന്നാണ് എൻറെയും ആഗ്രഹം.

## 2.5.g. മൂന്ന് ലഘു ഗ്രന്ഥങ്ങൾ.

1996 തലശ്ശേരി അതിരൂപതയിൽ ജീവൻ രക്ഷാവർഷമായി ആചരിച്ചു. ജീവൻറെ മൂല്യത്തെക്കുറിച്ചുള്ള "ജീവൻറെ സുവിശേഷം" എന്ന ചാക്രിക ലേഖനം സാധാരണക്കാർക്കു മനസ്സിലാകുന്ന വിധത്തിൽ അവതരിപ്പിക്കുന്നത് നന്നായിരിക്കും എന്ന പൊതുവായ അഭിപ്രായത്തെ മാനിച്ചു 'ജീവന്റെ സുവിശേഷം - ഒരു അവലോകനം' എന്ന ലഘു ഗ്രന്ഥം 1996 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ചു. 1997 "ക്രിസ്തു വർഷ" മായി ആചരിക്കുകയാണല്ലോ. യേശുവിനെ അറിയാൻ താൽപര്യം ജനിപ്പിക്കുന്ന 'യേശുവിനെ അറിയാൻ' എന്ന ഒരു ലഘുലേഖയും, 'നമുക്കുവേണ്ടി മരിച്ചവൻ' എന്ന ലഘുഗ്രന്ഥവും 1997 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ചു. കുടുംബയോഗങ്ങൾ സജീവമാക്കാൻ ഒരു വഴികാട്ടി എന്ന നിലയിൽ 'സുവിശേഷം പങ്കുവയ്ക്കൽ' എന്ന ബൈബിൾ വായന - പ്രാർത്ഥന രീതി ഇടവകകളിൽ പ്രചരിപ്പിക്കാൻ വേണ്ടി ഒരു ലഘുഗ്രന്ഥവും 1997 ഏപ്രിൽ മാസത്തിൽ പുറത്തിറക്കി. അത് കഴിഞ്ഞപ്പോഴാണ് സ്ഥലംമാറ്റത്തെക്കുറിച്ച് അഭിവന്ദ്യ പിതാവ് പറഞ്ഞത്. ഒരു വർഷത്തിനകം പൂർത്തിയാക്കാൻ പറ്റാത്ത ഒരു പദ്ധതിയും ബാധ്യതയും ഏറ്റെടുക്കേണ്ട എന്നു പറഞ്ഞതിനാൽ പ്രസിദ്ധീകരണം നിർത്തിവയ്ക്കാൻ നിർബന്ധിതനായിരിക്കുകയാണ്.

## 2.6. സഹായങ്ങൾ - സംവിധാനങ്ങൾ

സന്ദേശഭവൻറെ സംവിധാനങ്ങളും സന്ദേശഭവൻ സ്റ്റാഫിൻറെയും മറ്റ് പല വ്യക്തികളുടെയും സഹായവും ലഭിച്ചതു കൊണ്ടാണു പ്രസിദ്ധീകരണങ്ങളും മറ്റു പ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞത്.

## 2.6.a സഹായികൾ.

ചിത്രകഥകൾക്കു വേണ്ട പടങ്ങൾ ആരംഭം മുതൽ വരച്ചതു മൂക്കന്നൂർ സ്വദേശിയായ ആർട്ടിസ്റ്റ് ദേവസിയാണ്. 1987 മുതൽ കൂടരഞ്ഞിയിൽ നിന്നുള്ള ബെന്നി തോണക്കരയും ചിത്രങ്ങൾ വരയ്ക്കാൻ സഹായിച്ചു. പുസ്തകങ്ങൾ പായ്ക്കു ചെയ്യുന്നതിന് 1986 മുതൽ 1990 വരെ തലശ്ശേരിയിലുള്ള കാഞ്ചനയാണു സഹായിച്ചത്. ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിനും 1983 ൽ സിസ്റ്റർ ലൂസി M.S.M.I. യും 1984 മുതൽ 86 ഏപ്രിൽ വരെ ഗ്ലോറിയ M.S.M.I. യും സഹായിച്ചുകൊണ്ടിരുന്നു. ആരാധനാ സഭാംഗമായ സിസ്റ്റർ ഗ്ലോറിസ്റ്റ 1984 മുതൽ പുസ്തകങ്ങൾക്കുള്ള കയ്യെഴുത്തു പ്രതികൾ പകർത്തി എഴുതുക, കത്തിടപാടുകൾ നടത്തുക, ചിത്രകഥകളുടെ ഇംഗ്ലീഷ് വിവർത്തനം തയ്യാറാക്കുക, എന്നീ ജോലികളിൽ ഭാഗികമായി സഹായിച്ചിരുന്നു. 1986 ഏപ്രിലിൽ സിസ്റ്റർ ഗ്ലോറിയ സ്ഥലം മാറിപ്പോയതു മുതൽ ബൈബിൾ ഡിപ്പാർട്ട്മെന്റിലെ എല്ലാ പ്രവർത്തനങ്ങളിലും സി. ഗ്ളോറിസ്റ്റാ സഹായിക്കുന്നു. സിസ്റ്ററിന്റെ നിർലോഭവവും, ആത്മാർത്ഥവും, നിസ്വാർത്ഥവുമായ, സഹായസഹകരണം

കൊണ്ടാണു പ്രസിദ്ധീകരണങ്ങളും മറ്റു പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞത്. യാതൊരു പ്രതിഫലവും വാങ്ങാതെയാണ് സിസ്റ്ററിൻറെ സേവനം ഇത്രയും കാലത്തേക്ക് വിട്ടുതന്നത്. ചിത്രകഥയുടെ ഇംഗ്ലീഷ് എഴുതാൻ സിസ്റ്റർ മേരി പുറപ്പന്താനം S.A.B.S. , സി ലിജി C.M.C., കുമാരി അനിത, എന്നിവർ സഹായിച്ചിട്ടുണ്ട്. അവരുടെ സഹായം ലഭ്യമല്ലാതായപ്പോൾ ആർട്ടിസ്റ്റ് ബെന്നിയാണ് ഇംഗ്ലീഷ് എഴുതിയത്.

ഒരു ചിത്രകഥയും അതിൻറെ വിവർത്തനവും പ്രസിദ്ധീകരിക്കുന്നതിൻറെ പിന്നിലുള്ള ജോലിയെക്കുറിച്ച് അൽപ്പമെങ്കിലും അറിഞ്ഞിരിക്കുന്നത് ഈ ഓഫീസിലെ പ്രവർത്തനങ്ങളെയും അതിനുവേണ്ടി ചിലവഴിക്കേണ്ടിവരുന്ന സമയത്തേയും അധ്വാനത്തെയും കുറിച്ചു മനസിലാക്കാൻ സഹായിക്കും. ചിത്രകഥയുടെ സ്ക്രിപ്റ്റ് തയ്യാറാക്കുകയാണ് ആദ്യമേ ചെയ്യുന്നത്. 32 പേജ് ടെക്സ്റ്റും നാല് പേജ് കവറും അടങ്ങുന്നതാണ് ഒരു പുസ്തകം. 32 പേജിൽ കഥ ഒതുങ്ങണം. ഓരോ പേജിലും എത്ര ചിത്രങ്ങൾ, അവ ഏതെല്ലാം, ഓരോ ചിത്രത്തിലെയും സംഭാഷണങ്ങൾ ഏതൊക്കെ, എന്നു കൃത്യമായി എഴുതണം. ചുരുക്കം വാക്കുകളിൽ ഏറെ കാര്യങ്ങൾ ഉൾക്കൊള്ളിക്കാൻ കഴിയണം. ചിത്രങ്ങൾക്കു മോഡലുകൾ വേണം. പലപ്പോഴും മൂന്നും നാലും തവണ തിരുത്തി എഴുതിയാലേ ഒരു പുസ്തകത്തിൻറെ സ്ക്രിപ്റ്റ് തയ്യാറാവുകയുള്ളൂ. കവർ ചിത്രത്തിൻറെ ആശയവും അതിന് ഉപകരിക്കുന്ന

മോഡലും കണ്ടുപിടിക്കണം. കഥയുടെ സാരവും ആനുകാലിക പ്രസക്തിയും വ്യക്തമാക്കുന്ന ആമുഖ-വും പ്രധാന ആശയങ്ങൾ ഉൾക്കൊള്ളുന്ന പത്തു ചോദ്യങ്ങളും ഓരോ പുസ്തകത്തിലും വേണം.

മലയാളത്തിലാണ് സ്ക്രിപ്റ്റു തയ്യാറാക്കിയി-രുന്നത്. അതനുസരിച്ച് കലാകാരന്മാർ ചിത്രങ്ങൾ വരച്ച് സംഭാഷണങ്ങൾ എഴുതും. സ്ക്രിപ്റ്റിൻറെ മുഴുവൻ ഇംഗ്ലീഷ് വിവർത്തനം സിസ്റ്റർ ഗ്ലോറിസ്റ്റ തയ്യാറാക്കും. എന്നാൽ അത് നേരിട്ടു പടത്തിൽ എഴുതാനാവില്ല. മലയാളം എഴുതിയ ചിത്രങ്ങൾ പ്രസ്സിൽ എത്തിച്ച് അതിൻറെ ഫിലിം എടുത്തതിനു-ശേഷം തിരിച്ചുകൊണ്ടുവന്ന് മലയാളം സംഭാഷണ-ങ്ങളുടെ സ്ഥാനത്ത് ഇംഗ്ലീഷ് എഴുതിച്ചേർക്കും. സംഭാഷണത്തിനും വിവരണങ്ങൾക്കുമുള്ള കോള-ങ്ങളിൽ ഒതുങ്ങുന്നതായിരിക്കണം ഇംഗ്ലീഷ് വിവർ-ത്തനം. അതിനാൽ സംഭാഷണങ്ങളുടെയും വിവരണ-ങ്ങളുടെയും ഓരോ പേജിലെയും കോളങ്ങൾ ഓയിൽ പേപ്പറിൽ ഒപ്പിയെടുക്കും. ആ കോളങ്ങൾ ഡ്രോയിങ് കാർഡിലേക്ക് പകർത്തിയിട്ടാണ് ഇംഗ്ലീഷ് എഴുതുക. ഇങ്ങനെ എഴുതിയ കോളങ്ങൾ വെട്ടിയെടുത്തു മലയാളത്തിന്റെ മുകളിൽ ഒട്ടിച്ചു ചിത്രങ്ങൾ വീണ്ടും പ്രസ്സിൽ എത്തിക്കുന്നു. ഓരോ വിവർത്തനത്തിനും ഈ പ്രക്രിയകൾ എല്ലാം ആവശ്യമാണ്.

ഇംഗ്ലീഷ് വിവർത്തനവും ആർട്ടുവർക്കും തയ്യാറാക്കുന്നതു സമയമെടുക്കുന്നതാണെങ്കിലും പ്രായേണ എളുപ്പമായിരുന്നു. എന്നാൽ മറ്റു ഭാഷകളിലേക്കുള്ള വിവർത്തനം കൂടുതൽ ക്ലേശകരമത്രേ. അനേകം എഴുത്തുകുത്തുകൾക്കു ശേഷമാണ് ഒരു വിവർത്തനത്തിന്റെ കാര്യം അന്തിമമായി തീരുമാനിക്കുക. തുടർന്ന് കോളങ്ങൾ വരച്ച കാർഡുകൾ വിവർത്തകർക്ക് അയച്ചു കൊടുക്കുന്നു. എഴുതി കിട്ടുമ്പോൾ ആർട്ടു-വർക്കിലേക്കു വെട്ടിയൊട്ടിക്കലായി. കന്നട, തെലുങ്ക്, ഓറിയ, മുതലായ ഭാഷകളുടെ ലിപികൾ പോലും ഞങ്ങൾക്ക് നിശ്ചയം ഇല്ലാത്തതിനാൽ കോളം മാറി പോകാതെയും അക്ഷരങ്ങൾ തലതിരിഞ്ഞു പോകാതെയും പ്രത്യേകം ശ്രദ്ധിക്കണം. ഒരു പുസ്തകത്തിൽ ശരാശരി 130 പടങ്ങളും മുന്നോറോളം കോളങ്ങളും ഉണ്ടാകും. ഒരു കാലഘട്ടത്തിൽ ഒരേസമയം അഞ്ചു വിവർത്തനങ്ങൾ വീതം നടക്കുന്നുണ്ടായിരുന്നു. അതിനുപുറമെയാണ് 1987 ൽ 96 പേജുള്ള മാതാവിൻറെ ചിത്രകഥ മലയാളം, ഇംഗ്ലീഷ്, തെലുങ്ക്, ഹിന്ദി, ബോഡോ, എന്നീ ഭാഷകളിൽ ഒരേസമയം പ്രസിദ്ധീകരിച്ചത്. ഇതിനെല്ലാം ചെലവഴിക്കേണ്ടി വന്ന സമയവും, ശ്രദ്ധയും, അധ്വാനവും കണക്കുകൂട്ടുക എളുപ്പമല്ല. ഈ ജോലി മുഴുവൻ ചെയ്തുതീർക്കാൻ സിസ്റ്റർ ഗ്ലോറിസ്റ്റായുടെ മാത്രം സഹായമാണ് ഉണ്ടായി-

രുന്നത്. ഇതിന് പുറമേ അച്ചടിയുടെ കാര്യങ്ങൾക്കായി മാസത്തിൽ പലതവണ എറണാകുളത്തിനും ശിവകാശിക്കും പോകേണ്ടിയിരുന്നു.

പുസ്തകം തയ്യാറാക്കുന്നതുപോലെ തന്നെ ക്ലേശകരമായിരുന്നു ആവശ്യക്കാരെ കണ്ടു പിടിക്കാനും കിട്ടുന്ന ഓർഡറുകൾക്കനുസരിച്ചു പുസ്തകങ്ങൾ തപാൽ മാർഗമോ ലോറി സർവീസ് വഴിയോ അയയ്ക്കാനുള്ള ജോലികൾ. 1986-88 കാലഘട്ടത്തിൽ പ്രതിമാസം 15,000 കോപ്പികൾ അയച്ചു കൊണ്ടിരുന്നു. ഇതിനും കാഞ്ചനയും സി. ഗ്ലോറിസ്റ്റായും മാത്രമായിരുന്നു സഹായം. 1991 ചിത്രകഥയുടെ പ്രസിദ്ധീകരണം പൂർത്തിയായതോടെ ഇത്തരം ജോലിഭാരം വളരെ കുറഞ്ഞു.

## 2.6.a. സംവിധാനങ്ങൾ.

ഡിപ്പാർട്ട് മെൻറ് ആരംഭിക്കുമ്പോൾ ഡയറക്ടറുടെ മുറി അല്ലാതെ ഒരു ഓഫീസോ മറ്റു സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. നവചേതന, സന്ദേശം ലഘുലേഖകൾ എന്നിവ ബുക്കു സ്റ്റാളിലൂടെ വിതരണം ചെയ്യാമെന്നു കരുതിയെങ്കിലും അവ തീരെ ചെറിയതും വിലകുറഞ്ഞതും ആയതിനാൽ അത് അസൗകര്യം ആണെന്ന് കണ്ട് ഈ ഉത്തരവാദിത്വമേറ്റെടുക്കാൻ ബുക്ക് സ്റ്റാൾ വിസമ്മതിച്ചു. അതിനാൽ എൻറെ മുറിയിൽ സൂക്ഷിച്ചു

വിതരണം ചെയ്യുകയായിരുന്നു. എന്നാൽ സാവ-കാശം ഇത് അസാധ്യമായിത്തീർന്നു. സഹായത്തിന് ഒരു സിസ്റ്റർ കൂടി വന്നപ്പോൾ കാര്യങ്ങൾ കൂടുതൽ ബുദ്ധിമുട്ടായി. അതിനാൽ സന്ദേശഭവൻ ഡയറക്ട-റുടെ മുറിയുടെയും ലൈബ്രറിയുടെയും ഇടയിലുള്ള വരാന്ത അടച്ചെടുത്ത് അത് ഓഫീസായും വിതരണ മുറിയായും ഉപയോഗിച്ചു തുടങ്ങി. സിസ്റ്റർ ഗ്ലോറിയ രണ്ടര വർഷം ആ മുറിയിൽ ഇരുന്നാണു കാര്യങ്ങൾ നടത്തിയിരുന്നത്.

1985 ൽ സി. ഗ്ലോറിസ്റ്റാ സഹായത്തിന് എത്തി-യപ്പോൾ വീണ്ടും സ്ഥലപ്രശ്നം രൂക്ഷമായി. സന്ദേശഭവൻറെ ഏറ്റം താഴത്തെ നിലയിൽ സിമൻറ് സൂക്ഷിക്കാനും പിന്നീട് കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഉറങ്ങാനും ഉപയോഗിച്ചിരുന്ന ഒരു മുറി വൃത്തിയാക്കി ഓഫീസാക്കി. ആ മുറി പിന്നീട്ആ രണ്ടായി തിരിച്ച് ഒരുഭാഗം ഓഫീസായും ബാക്കി ആർട്ടിസ്റ്റ് ദേവസിക്കു താമസത്തിനായും ഉപയോഗിച്ചു. ചിത്രകഥാ രചന തീർന്നപ്പോൾ കുറെ കാലത്തേക്കു വെറുതെ കിടന്ന മുറിയാണ് ഇന്ന് ഫാമിലി അപ്പൊസ്റ്റലേറ്റ് ഓഫീസായി ഉപയോഗിക്കുന്നത്. ഓഫീസ് താഴത്തെ നിലയിലേക്കു മാറ്റിയപ്പോൾ ആദ്യത്തെ ഓഫീസ് സ്റ്റോർ റൂമും വിതരണ മുറിയുമായി ഉപയോഗിച്ചു പോന്നു. ഈ മുറി ടെലിഫോൺ ഓഫീസായി ഉപയോഗിക്കണം എന്നു സന്ദേശഭവൻ ഡയറക്ടർ

പറഞ്ഞതിനാൽ അവിടെയുണ്ടായിരുന്ന പുസ്തകങ്ങൾ 1989 ൽ താഴേക്ക് മാറ്റി. എന്നാൽ പറഞ്ഞതുപോലെ ഫോൺ ഓഫീസ് ഉണ്ടായില്ല. ബ. കരിനാട്ടച്ചൻ സ്വന്തം ഉപയോഗത്തിനായി ആ മുറി ഏറ്റെടുക്കുന്നത് വരെ സന്ദേശഭവനിലെ തട്ടുമുട്ടു സാധനങ്ങൾ സൂക്ഷിക്കാനാണ് അത് ഉപയോഗിച്ചത്.

പുസ്തകങ്ങളുടെ എണ്ണം കൂടിക്കൊണ്ടിരുന്നതിനാൽ സ്റ്റോർ റൂമിന്റെ ആവശ്യം വർദ്ധിച്ചുവന്നു. TSSS ൻറെ കുടനിർമ്മാണവകുപ്പ് അന്നു സന്ദേശഭവൻറെ ഏറ്റവും അടിയിലത്തെ നിലയിലുള്ള ഒരു മുറിയിലാണു പ്രവർത്തിച്ചിരുന്നത്. ആ മുറിയുടെ ഒരു ഭാഗം പുസ്തകങ്ങൾ സൂക്ഷിക്കാനായി വിട്ടു തന്നു. പിന്നീടു പുതിയ കെട്ടിടം ഉണ്ടാക്കി കുട നിർമ്മാണം അങ്ങോട്ടു മാറ്റിയപ്പോൾ ആ മുറി മുഴുവൻ സ്റ്റോർ ആക്കി മാറ്റാൻ കഴിഞ്ഞു. ആ മുറിയുടെ വരാന്ത അടച്ചു വിതരണമുറിയാക്കി. പിന്നീട് സ്റ്റോർ പകുതിമുറിച്ചു വേറൊരു മുറിയാക്കി. അതാണ് ഇന്നത്തെ യുവജനകാര്യാലയം. കുറേക്കാലം മുമ്പ് സെമിനാരി വക ബസ് ഇട്ടിരുന്ന ഒരു ഷെഡ് ഒഴിഞ്ഞു കിടപ്പുണ്ടായിരുന്നു. അതൊരു സ്റ്റോറാക്കി ഉപയോഗിക്കാൻ അനുവാദം ലഭിച്ചു. 1990ല് സന്ദേശഭവനിലെ ലേഡീസ് ഹോസ്റ്റലിൻറെ രണ്ടാം നില പണിതപ്പോൾ അതിൻറെ ഒരു ഭാഗം പുസ്തകം സൂക്ഷിക്കുന്നതിനായി വിട്ടുതന്നു. രണ്ട് സ്റ്റോറുകളിലായി

ഷെൽഫു വാർക്കുന്നതിന് വേണ്ടി നാൽപ്പതിനായിരം രൂപ ബൈബിൾ അപ്പോസ്റ്റലേറ്റിൽ നിന്ന് മുടക്കേണ്ടി വന്നു. അങ്ങനെ ആവശ്യമനുസരിച്ചു സ്ഥലസൗകര്യം ലഭിച്ചതിനാൽ പുസ്തകം സൂക്ഷിക്കുക വലിയ പ്രയാസമായില്ല.

ചിത്രകഥാ രചനയ്ക്കായി ദേവസിയും പിന്നീട് ബെന്നിയും മാസം 15 ദിവസത്തോളം സന്ദേശഭവനിൽ താമസിച്ചുപോന്നു. അവർക്ക് താമസസ്ഥലവും ഭക്ഷണവും മറ്റു സൗകര്യങ്ങളും സന്ദേശഭവൻ സൗജന്യമായി നൽകി. ഡിപ്പാർട്ട് മെൻറ്റിൽ സഹായിച്ചിരുന്ന സിസ്റ്റർമാർക്കും സൗജന്യമായി ഭക്ഷണം ലഭിച്ചു. 1986 മുതൽ 91 വരെ സി. ഗ്ലോറിസ്റ്റ സന്ദേശഭവനിലെ ലേഡീസ് ഹോസ്റ്റലിലാണ് താമസിച്ചത്. 1987ൽ ഞാൻ ജീപ്പ് വിറ്റതിനുശേഷം സന്ദേശഭവൻറെ വാഹനവും ഉപയോഗിക്കാൻ സാധിച്ചിരുന്നു. ഇങ്ങനെ അനേകം സൗജന്യ സൗകര്യങ്ങൾ ലഭിച്ചതു പ്രവർത്തനങ്ങൾക്കു വളരെ സഹായകമായി.

## 2.7. ഇതര പ്രവർത്തനങ്ങൾ.

മേൽ വിവരിച്ചവയ്ക്കു പുറമേ രൂപതയ്ക്കകത്തും പുറത്തും വചനപ്രഘോഷണവുമായി ബന്ധപ്പെട്ട പല പ്രവർത്തനങ്ങളും നടത്താൻ അവസരം ലഭിക്കുകയുണ്ടായി. അവയിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ആത്മായർക്കുവേണ്ടി നടത്തിക്കൊണ്ടിരുന്ന വ്യക്തിത്വ വികസനത്തിലും

കൗൺസിലിംഗിലുമുള്ള പരിശീലന പരിപാടി. സന്ദേശഭവനിൽ വച്ചു നടക്കുന്ന ബൈബിൾ കോഴ്സുകളിൽ സി. ഗ്ലോറിസ്റ്റ കൗൺസിലിംഗിനെക്കുറിച്ചു ക്ലാസ് എടുക്കാറുണ്ട്. അതിൽനിന്നും താൽപര്യം ജനിച്ച ചില അൽമായസഹോദരന്മാർ ആവശ്യപ്പെട്ടതനുസരിച്ച് ആഴ്ചയിൽ ഒരു ദിവസം വീതം ഏകദേശം ഒരു വർഷം ദീർഘിക്കുന്ന കൗൺസിലിംഗ് പരിശീലന പരിപാടി 1992ൽ ആരംഭിച്ചു. 8-10 ആളുകളാണ് ഒരു ബാച്ചിൽ പങ്കെടുക്കുക. ആദ്യബാച്ചു പേരാവൂർ ആശ്രമത്തിൽ വച്ചാണ് നടന്നത്. തുടർന്ന് എടൂർ നാലും, അടക്കത്തോട് രണ്ടും, കിളിയന്തറ ഒന്നും ബാച്ചുകൾക്കു പരിശീലനം നൽകി. മൊത്തം 60 അല്മായർ ഈ കോഴ്സിൽ ആദ്യന്തം പങ്കെടുത്തു.

സന്ദേശഭവനിലെ ഇതര ഡിപ്പാർട്ട് മെൻറുകളുമായി ബന്ധപ്പെട്ട് അനേകം പ്രോഗ്രാമുകളിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. മതാധ്യാപകർക്കുവേണ്ടി മേഖലാതലങ്ങളിൽ നടത്തിയ അനേകം ഏകദിന സെമിനാറുകൾ, I.T.C., R.T.C., ASPECT മുതലായവയിലെ ക്ലാസുകൾ, സ്കൂൾ ടീച്ചേഴ്സിനു വേണ്ടി നടത്തിയ പരിശീലന പരിപാടികൾ, ക്രിസ്തവാനുഭവ സെമിനാറുകൾ (ഒരു സെമിനാറിൻറെ പൂർണ്ണ ഉത്തരവാദിത്വം എനിക്കായിരുന്നു), KCYM നു വേണ്ടി നടത്തിയ Sinai Meet Programme, മറ്റു ക്ളാസ്സുകൾ, ജീസസ് യൂത്തിനുവേണ്ടിയുള്ള പഠന

പരിപാടികൾ, സമറിയാ കൺവൻഷൻ, ഫാമിലി അപ്പോസ്റ്റ ലേറ്റുമായി ബന്ധപ്പെട്ടു നടത്തിയ ക്ലാസുകൾ, കൺവൻഷൻ പ്രസംഗങ്ങൾ, വിൻ-സെൻറ് ഡി പോൾ സംഘടനയ്ക്കു വേണ്ടി നടത്തിയ ക്ലാസുകൾ എല്ലാം ഈ കൂട്ടത്തിൽപ്പെടും.

രൂപതയ്ക്കു പുറത്തും ഈ കാലഘട്ടത്തിൽ അനേകം പരിപാടികൾ നടത്തുകയുണ്ടായി. കേരള-ത്തിലെ 20 കോളേജുകളിൽ വിദ്യാർത്ഥികൾക്കു വേണ്ടി സേവ്യർ ബോർഡിൻറെ ആഭിമുഖ്യത്തിൽ നടത്തിയ ഏകദിന ബൈബിൾ സെമിനാറുകൾ, ഇടവകകളിൽ വച്ച് കൂടിയ ബൈബിൾ കൺവെൻഷൻ, സ്കൂൾ അധ്യാപകർക്കു വേണ്ടി നടത്തിയ പരിശീലന പരിപാടികൾ എന്നിവയ്ക്ക് പുറമേ വൈദികർക്കുവേണ്ടി നടത്തിയ ധ്യാനങ്ങൾ (നാഗപ്പൂർ രൂപതാ, MCBS - ഷിമോഗാ), വൈദികർക്ക് വേണ്ടിയുള്ള ഏകദിന സെമിനാറുകൾ (ഇരിങ്ങാല-ക്കുട 2, കോഴിക്കോട് 2, തൃശൂർ 1, മാനന്തവാടി 1) വൈദികരും സന്യാസികളും ഉൾപ്പെടുന്ന ഗ്രൂപ്പിനു-വേണ്ടി നടത്തിയ ധ്യാനങ്ങൾ (3) ആലുവ (ഒരു സെമസ്റ്റർ), പൂന (രണ്ടാഴ്ച) തൃശ്ശിനാപ്പള്ളി (രണ്ടാ-ഴ്ച) സെമിനാരികളിൽ നടത്തിയ ക്ലാസുകൾ, വൈദികർക്കു വേണ്ടി (കപ്പൂച്ചിൻ - 2, കോട്ടയം രൂപ-തയുടെ മലബാർ റീജിയൻ - 2, CMI - 3) നടത്തിയ ഏക-ദിന സെമിനാറുകൾ, ധർമ്മാരാം സെമിനാരിയിൽ

വച്ചു നടത്തിയ മധ്യവേനൽ അവധിക്കാലത്തെ ബൈബിൾ ക്ലാസുകൾ, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം, മാനന്തവാടി, കോട്ടയം രൂപതകളിലെ മതാധ്യാപകർക്കു വേണ്ടി നടത്തിയ ഏകദിന സെമിനാറുകൾ, സന്യാസിനികൾക്ക് വേണ്ടി നടത്തിയ അനേകം ബൈബിൾ ക്ലാസുകൾ, N.B.C.L.C., P.M.O.C., ക്രൈസ്റ്റ് ഹാൾ, കോഴിക്കോട് രൂപതയുടെ പാസ്റ്ററൽ സെൻറർ, മുതലായ സ്ഥാപനങ്ങളിൽ മാതാപിതാക്കൾക്കും സന്യാസിനികൾക്കും വേണ്ടി നടത്തിയ ബൈബിൾ സെമിനാറുകൾ മുതലായവ രൂപതക്കു പുറത്തുവച്ചു നടത്തിയ ചില പരിപാടികളാണ്. 1996-97 വർഷങ്ങളിൽ പോട്ട ആശ്രമത്തിൽവച്ചു രണ്ടു മാസത്തിലൊരിക്കൽ മൂന്ന് ദിവസം വീതം രണ്ടു വർഷം ബൈബിൾ പഠനപരിപാടി തുടർന്നുകൊണ്ടിരുന്നു. ഇവയെല്ലാം തലശ്ശേരി രൂപത അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങൾ അറിയപ്പെടുന്നതിനും പുസ്തകങ്ങൾക്ക് പ്രചാരം ലഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

താലന്ത്, അസീസി, സത്യദീപം, മതവും ചിന്തയും, ജീവധാര, ജീവജ്വാല, ശാലോം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പലപ്പോഴായി ലേഖനങ്ങൾ എഴുതുവാനും അവസരം ലഭിച്ചിട്ടുണ്ട്. രണ്ടുവർഷം ജീവധാരയുടെ ദൈവവചന പംക്തിയുടെ എഡിറ്ററായും പ്രവർത്തിക്കുകയുണ്ടായി.

കണ്ണൂർ റേഡിയോ നിലയം ആവശ്യപ്പെട്ടതനുസരിച്ച് രണ്ട് പ്രഭാഷണങ്ങളും ഒമ്പതു സുഭാഷിതങ്ങളും തയ്യാറാക്കി പ്രക്ഷേപണം ചെയ്യാൻ കഴിഞ്ഞു. തലശ്ശേരിയിലെ പ്രസിദ്ധീകരണങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങിയപ്പോൾ രൂപതയ്ക്കു പുറത്തുള്ള പ്രവർത്തനങ്ങൾ സ്വാഭാവികമായും കുറയ്ക്കേണ്ടി വന്നു.

## 3. സാമ്പത്തികം.

1982 നവംബർ പതിനെട്ടാം തീയതി ബൈബിൾ അപ്പോസ്റ്റലേറ്റ് ഒരു പ്രത്യേക ഡിപ്പാർട്ട്മെൻറ് ആയി സ്ഥാപിച്ചപ്പോൾ അതിൻറെ പ്രവർത്തനങ്ങൾക്കായി എന്തെങ്കിലും മൂലധനം വേണം എന്ന് അച്ചന്മാർ അഭിപ്രായപ്പെട്ടു. അതിനായി പ്രത്യേകം ഫണ്ട് ഒന്നുമില്ല എന്നതായിരുന്നു മറുപടി. ഫണ്ട് ഉണ്ടാക്കാൻ ഒരു എളുപ്പമാർഗം നിർദ്ദേശിക്കപ്പെട്ടു. സന്ദേശഭവൻ ബുക്ക്സ്റ്റാൾ 6000 ബൈബിൾ പ്രീ-പബ്ലിക്കേഷൻ സൗജന്യ നിരക്കായ 32 രൂപയ്ക്ക് വാങ്ങിയിരുന്നു. അതിൽ 3000 ബൈബിൾ ബുക്ക്-സ്റ്റാളിൽ ഇരിപ്പുണ്ടായിരുന്നു. ആ കോപ്പികൾ 38 രൂപ നിരക്കിലാണ് വിൽക്കുന്നത്. ഇങ്ങനെ ഒരു ബൈബിളിന് 6 രൂപ വീതം ലാഭം വരുന്ന 18,000 രൂപ ബൈബിൾ അപ്പോസ്റ്റലേറ്റിനു നൽകാൻ അച്ചൻമാർ ആവശ്യപ്പെട്ടു. അഭിവന്ദ്യ പിതാവ് ആ നിർദ്ദേശം

സ്വീകരിക്കുകയും ചെയ്തു. പക്ഷേ അതിൽ ഒരു രൂപ പോലും ബൈബിൾ അപ്പോസ്റ്റലേറ്റിനു ലഭിച്ചില്ല. ബൈബിളിനു മുൻകൂർ അടച്ച പണ-ത്തിന്റെ പലിശയ്ക്ക് അത് തികയില്ല, അതിനാൽ തരാൻ പറ്റില്ല എന്നായിരുന്നു ഡയറക്ടർ അച്ചൻറെ മറുപടി. അങ്ങനെ പൂജ്യം മൂലധനവുമായാണ് ബൈബിൾ അപ്പോസ്റ്റലേറ്റു പ്രവർത്തനമാരംഭിച്ചത്. ലഘുലേഖകൾ പ്രസിദ്ധീകരിച്ചതും നവചേതന വാങ്ങി വിതരണം ചെയ്തതും സ്വന്തം കീശയിൽ നിന്നും പണമെടുത്താണ്.

റോമിൽവച്ച് എന്റെ സഹപാഠിയായിരുന്ന ഫാദർ യോപ്പ് വാൻ കോർവൻ എന്ന ഡച്ച് വൈദി-കൻ 1979 ഡിസംബറിൽ എന്നെ കാണാൻ വന്നു. അന്ന് ഒരു വ്യക്തിഗത സമ്മാനം (Personal gift) എന്ന നിലയിൽ ഒരു ജീപ്പു വാങ്ങാൻ പണം വാഗ്ദാനം ചെയ്തു. ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ വിലയുള്ള ഒരു മഹീന്ദ്ര മെറ്റൽ ബോഡി ജീപ്പ് ആണ് BEGECA വഴി 1982ൽ അദ്ദേഹം എനിക്ക് സമ്മാനിച്ചത്. അഭിവന്ദ്യ വള്ളോപ്പള്ളി പിതാവ് അന്ന് ക്യാൻവാസ് ബോഡി ജീപ്പ് ആയിരുന്നു ഉപയോഗിച്ചിരുന്നത്. പൊടിയുടെ ശല്യം കാരണം പിതാവിനു ജലദോഷം ഉണ്ടാകാറുണ്ടായിരുന്നു. രണ്ടാഴ്ച എൻറെ ജീപ്പ് പിതാവ് ഉപയോഗിക്കുകയും അത് കൂടുതൽ സൗകര്യ-പ്രദമായി പിതാവിനു തോന്നി എന്നു ഡ്രൈവർ

അപ്പച്ചൻ എന്നെ അറിയിക്കുകയും ചെയ്തു. അതിനാൽ ഉഭയകക്ഷി സമ്മതത്തോടെ ഞങ്ങൾ ജീപ്പു വച്ചുമാറി.

ബൈബിൾ അപ്പോസ്റ്റലേറ്റ് ഡിപ്പാർട്ട്മെൻറ് സ്ഥാപിച്ചതിനു ശേഷം കൺവൻഷനും ഫിലിം പ്രദർശനവും നടത്തിയതിനെക്കുറിച്ചു പറഞ്ഞല്ലോ. ഫിലിം, പ്രൊജക്ടർ, മൈക്ക് സെറ്റ്, ബൾബുകൾ മുതലായവയെല്ലാം ഞങ്ങൾ ജീപ്പിന് കൊണ്ടുപോ-വുകയാണ്. ഇവയെല്ലാം സന്ദേശഭവനിൽ ഉണ്ടായിരുന്നു. രണ്ടുദിവസത്തെ പരിപാടിക്ക് മൊത്തം 1500 രൂപയും ഒരു ദിവസത്തെ പരിപാടിക്ക് 1000 രൂപയുമാണ് ഇടവകകളിൽ നിന്നും ഈടാ-ക്കിയിരുന്നത്. അതിൽ നിന്ന് സന്ദേശഭവനിലെ ഉപകരണങ്ങൾക്കായി ഡയറക്ടർ അച്ചൻ ആവശ്യ-പ്പെട്ടതനുസരിച്ച് രണ്ടുദിവസത്തേക്ക് ആയിരം രൂപയും ഒരു ദിവസത്തേക്ക് 700 രൂപയും എന്ന നിരക്കിൽ സന്ദേശഭവനിൽ കൊടുത്തു കൊണ്ടി-രുന്നു. ബാക്കി തുക കൊണ്ട് ജീപ്പിൻറെ ചെലവുകൾ, പോസ്റ്റർ, നോട്ടീസ്, പാട്ടുപുസ്തകം മുതലായവ-യുടെ അച്ചടി ചെലവ് എല്ലാം നടത്തണം. ഇതും നഷ്ടത്തിൽ തന്നെയാണ് ഓടിക്കൊണ്ടിരുന്നത്.

1983 മുതൽ ഞാൻ മാത്രമേ ബൈബിൾ ഫിലിം പ്രദർശനം നടത്തിയിരുന്നുള്ളൂ. 1985ൽ അന്നത്തെ ഡയറക്ടർ ആയിരുന്ന ബ. മാമ്പിളിക്കുന്നേൽ അച്ച-ൻറെയടുക്കൽ ഞാനൊരു നിർദ്ദേശം വെച്ചു.

ദൃശ്യ-ശ്രാവ്യ വകുപ്പ് (ബൈബിൾ ഫിലിം) എന്നെ ഏൽപ്പിക്കുക. ഇപ്പോഴുള്ള സംവിധാനങ്ങളും വിട്ടുതരിക. കേടുപോക്കലും പുതിയ ജനറേറ്റർ, പ്രൊജക്ടർ മുതലായവ വാങ്ങലും ഞാൻ നടത്തി-ക്കൊള്ളാം. ആലോചിക്കട്ടെ എന്നു പറഞ്ഞു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ അതു സാധ്യമല്ല എന്ന് അറിയിച്ചു. അതോടെ ഞാൻ ഫിലിം പ്രദർശനം നിർത്തി. പിന്നീട് ആരും അത് ഉപയോഗിച്ചിട്ടില്ല. രണ്ടു പ്രൊജക്ടറും ഫിലിമും ഇന്നു സന്ദേശഭവൻ ഗോഡൗണിൽ എവിടെയോ കിടക്കുന്നുണ്ട്. തുരുമ്പെടുത്ത ജനറേറ്റർ ഇരുമ്പു വിലയ്ക്കു വിൽക്കുകയും ചെയ്തു.

ചിത്രകഥ പ്രസിദ്ധീകരിക്കാൻ തീരുമാനമായത് 1983 സെപ്റ്റംബറിൽ ആണ്. അതിനാവശ്യമായ മൂലധനം സ്വരൂപിക്കാനായി ബഹുമാനപ്പെട്ട വൈദികരുടെ ധ്യാന അവസരത്തിൽ ഞാനൊരു നിർദ്ദേശം വച്ചു. അച്ചന്മാർ ഓരോരുത്തരും 200 രൂപ വീതം രണ്ടു വർഷത്തേക്കു പലിശയില്ലാതെ കടമായി തരിക. രണ്ടു വർഷത്തിനകം പുസ്തക-മായോ ആവശ്യമെങ്കിൽ പണമായോ തുക തിരിച്ചു തരാം. അന്ന് 200 അച്ചന്മാർ ഉണ്ടായിരുന്നു. നാൽപതിനായിരം രൂപ അങ്ങനെ സമാഹരിക്കാം എന്ന് കരുതി. നിർദേശം എല്ലാവരും അംഗീകരിച്ചു. ഒരു മാസത്തിനകം പണം തരാം എന്ന് സമ്മതി-ക്കുകയും ചെയ്തു. ഞാൻ പുസ്തകം അടിക്കാൻ പ്രസ്സിൽ കൊടുത്തു. എന്നാൽ ഒക്ടോബർ അവസാനിച്ചപ്പോഴും ആകെ 17 അച്ചന്മാർ മാത്രമേ

പണം തന്നുള്ളൂ. ചിലർ 100, ചിലർ 200, രണ്ടു പേർ 500, അങ്ങനെ മൊത്തം കിട്ടിയത് 3600 രൂപ. നവംബർ അവസാനമായപ്പോഴേക്കും 56 പേരിൽ നിന്നുമായി 12000 രൂപ ലഭിച്ചു. 1984 ജനുവരി അവസാനിച്ചപ്പോൾ 82 അച്ചന്മാരിൽ നിന്നായി 16000 രൂപ ലഭിച്ചു. അതോടെ അച്ചന്മാരുടെ മൂലധന സമാഹരണം സമാപിച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ 15 പേർ തുക പണമായി തിരിച്ചു വാങ്ങി. 1986 ജൂലൈ മാസത്തോടെ പണമോ പുസ്തകമോ ആയി മിക്കവാറും എല്ലാവർക്കും തന്നെ തുക തിരിച്ചു കൊടുത്തു. ചുരുക്കം ചിലർ പണം തിരിച്ചു തരേണ്ടതില്ല എന്നു പറഞ്ഞതിനാൽ അവർക്ക് പുസ്തകം തുടർന്നും അയച്ചു കൊണ്ടിരുന്നു.

ചിത്രകഥ പ്രസിദ്ധീകരണത്തിനു മൂലധനമായി അഭിവന്ദ്യ പിതാവ് പതിനായിരം രൂപ തരാമെന്നു വാഗ്ദാനം ചെയ്തിരുന്നു. 5000 തിരിച്ചടയ്ക്കേ-ണ്ടാത്ത സബ്സിഡിയായും 5000 മൂന്നു മാസത്തി-നകം തിരിച്ചു കൊടുക്കേണ്ട വായ്പ്പയായും. ഈ തുക 1983 ഒക്ടോബർ ആരംഭത്തിൽ പിതാവ് തരികയും ചെയ്തു. എന്നാൽ 1983 ഒക്ടോബർ അവസാനത്തിൽ നിർമ്മലഗിരിയിലെ റാണി ജയ് ഇംഗ്ലീഷ് മീഡിയം സ്കൂളിൻറെ സാംഗത്യ-ത്തെക്കുറിച്ച് ഞാൻ ഒരു ലഘുലേഖ ഇറക്കിയത് പിതാവിന് ഇഷ്ടമായില്ല. ഞാൻ പണം തന്നതു നോട്ടീസ് അടിക്കാനല്ല, തുക ഉടനെ തിരിച്ചു തരണം എന്ന് പിതാവ് ആവശ്യപ്പെട്ടു. ഒരാഴ്ചയ്ക്കകം 5000

രൂപ തിരിച്ചു കൊടുക്കുകയും ചെയ്തു. അങ്ങനെ രൂപത വക മൂലധനം ആയി ബൈബിൾ അപ്പോസ്റ്റലേറ്റിനു ലഭിച്ചത് ആകെ 5000 രൂപയാണ്. സന്ദേശഭവൻറെ സംവിധാനങ്ങൾ എല്ലാം ഉപയോഗിക്കാൻ സാധിച്ചു എന്ന കാര്യം മറക്കുന്നില്ല.

1985ൽ ഫിലിം പ്രദർശനം നിർത്തിയതോടെ സ്വന്തമായി ഒരു ജീപ്പിൻറെ ആവശ്യം കുറഞ്ഞു. ചിലവുകൾ താങ്ങാൻ ബുദ്ധിമുട്ട് ഏറി. ചിത്രകഥയ്ക്കു വേണ്ടി മുടക്കാൻ പണം ആവശ്യമാവുകയും ചെയ്തു. ഇതെല്ലാം കണക്കിലെടുത്ത് 1987 നവംബറിൽ 70,000 രൂപയ്ക്ക് ജീപ്പ് വിറ്റു. ആ തുകയും പ്രസിദ്ധീകരണങ്ങൾക്കായി ഉപയോഗിച്ചു. എന്നാലും പുസ്തകങ്ങൾ അച്ചടിക്കാനുള്ള ചിലവു വർദ്ധിക്കുകയും വിറ്റുവരവു കുറയുകയും ചെയ്തതിനാൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി.

15 വർഷം (1964 സെപ്റ്റംബർ മുതൽ 1979 ഏപ്രിൽ വരെ) റോമിൽ പഠിച്ചതിനുശേഷം തിരിച്ചു വന്നപ്പോൾ എന്റെ കൈവശം കുറച്ചു പണമുണ്ടായിരുന്നു. പിന്നീടു പലപ്പോഴായി യൂറോപ്പിലെ സുഹൃത്തുക്കൾ ചെറിയ തുകകൾ സമ്മാനമായി അയച്ചു തന്നിരുന്നു. ക്ലാസുകൾക്കും സെമിനാറുകൾക്കും മറ്റും പോകുമ്പോൾ കിട്ടുന്ന ഇനത്തിലും ചെറിയൊരു തുക മാറ്റിവയ്ക്കാൻ കഴിഞ്ഞിരുന്നു. ഇങ്ങനെ സ്വന്തമായി ഉണ്ടായിരുന്നത് മുഴുവൻ ബൈബിൾ അപ്പൊസ്റ്റലേറ്റിനു വേണ്ടി മുടക്കി. ഒരു

പ്രത്യേക സാഹചര്യത്തിൽ സ്വന്തമായ ചില പുസ്തകങ്ങളും ഒരു ടൈപ്പ് റൈറ്ററും വിറ്റു കിട്ടിയ തുകയും പ്രസിദ്ധീകരണത്തിന് ഉപയോഗിച്ചു. കുറേക്കാലം കഴിഞ്ഞു ടൈപ്പ് റൈറ്റർ ഞാൻ തിരികെ വാങ്ങുകയുണ്ടായി. വ്യക്തിപരമായി പലരിൽ നിന്നും വായ്പ വാങ്ങിയും പ്രസിദ്ധീകരണം തുടരാൻ ശ്രമിച്ചു.

മുന്നോട്ടു പോകാൻ തീരെ നിർവാഹം ഇല്ലാതായപ്പോൾ സന്ദേശഭവൻ ഡയറക്ടർനെ സമീപിച്ചു കുറച്ചു പണം ഒരു വർഷത്തേക്കു വായ്പയായി ചോദിച്ചു. തുകയ്ക്ക് ബാങ്കിൽ നിന്നു കിട്ടുന്ന പലിശ അടയ്ക്കാമെങ്കിൽ ആവശ്യമുള്ള തുക വായ്പ തരാമെന്നു ഡയറക്ടർ സമ്മതിച്ചു. 1990 ഒക്ടോബറിൽ 89,800 രൂപ വാങ്ങി. അടുത്ത രണ്ടുവർഷംകൊണ്ട് മൂന്നു ഗഡുക്കളായി തുക തിരിച്ചടച്ചു. 13 ശതമാനം നിരക്കിൽ 21496 രൂപ പലിശയായി കൊടുക്കേണ്ടി വന്നു. ഞാൻ വ്യക്തിപരമായി മുടക്കിയ തുകയ്ക്കു അതുവരെ പലിശ എടുക്കുന്നുണ്ടായിരുന്നില്ല. മതബോധന പ്രവർത്തനങ്ങൾക്കുവേണ്ടി സൗജന്യ സഹായമായി മിസിയോയിൽ നിന്നു കിട്ടിയ തുകയിൽ നിന്നു വായ്പ വാങ്ങിയതിനു പലിശ ഈടാക്കിയതിനാൽ അന്നുമുതൽ എൻറെ പണത്തിനും പലിശ കണക്ക് എഴുതുവാൻ തുടങ്ങി. കണക്ക് എഴുതുകയല്ലാതെ തിരിച്ചെടുക്കാൻ മാർഗ്ഗമുണ്ടായിരുന്നില്ല. തന്നെയു-മല്ല, വ്യക്തിപരമായി കിട്ടുന്ന തുക മുഴുവൻ വീണ്ടും പ്രസിദ്ധീകരണങ്ങൾക്കായി മുടക്കി കൊണ്ടിരിക്കു-

കയും ചെയ്തു. 1995ൽ അഭിവന്ദ്യ വള്ളോപ്പള്ളി പിതാവിൻറെ ജീവചരിത്രം ചിത്രകഥയായി പ്രസിദ്ധീകരിച്ചപ്പോൾ അരമനയിൽ നിന്ന് വായ്പ-യായി 35000 രൂപ 1995 ഫെബ്രുവരി ഇരുപതിനു തന്നു, 1995 ഏപ്രിൽ നാലിന് ആ തുക തിരിച്ചു കൊടുക്കുകയും ചെയ്തു. പലിശ കൊടുക്കേണ്ടി വന്നില്ല.

സന്ദേശഭവനിൽ വന്നതു മുതൽ 1983 വരെ മതബോധന വകുപ്പിലെ അച്ചന്മാർക്ക് നൽകിയിരുന്ന അലവൻസ് ഡയറക്ടർ അച്ചൻ എനിക്കു നൽകിയിരുന്നു. പിന്നീട് അത് നിർത്തലാക്കി. ബൈബിൾ അപ്പോസ്റ്റലേറ്റ് ഒരു സ്വതന്ത്ര ഡിപ്പാർട്ട്മെൻറ് അല്ലേ, അതിൻറെ കാര്യം തന്നെത്താൻ നോക്കട്ടെ, എന്നതായിരുന്നു നിലപാട്. അതിനുള്ള ശേഷി ഡിപ്പാർട്ട്മെൻറിന് ഉണ്ടോ എന്ന് ആരും അന്വേഷിച്ചില്ല.

വൈദിക ക്ഷേമനിധിയുടെ നിയമാവലി പുതുക്കിയപ്പോൾ വൈദികരുടെ ഒരു മാസത്തെ അലവൻസ് വർഷംതോറും ക്ഷേമനിധിയിലേക്ക് അടയ്ക്കണമെന്നു നിബന്ധനയുണ്ടായി. അച്ചന്മാ-ർക്ക് അലവൻസ് നൽകുന്ന സ്ഥാപനമാണ് 12 മാസത്തെ അലവൻസിനു പുറമേ ഈ തുക അടക്കേണ്ടത്. തുകയടയ്ക്കാൻ ക്ഷേമനിധിയുടെ സെക്രട്ടറി എന്നോട് ആവശ്യപ്പെടുകയുണ്ടായി. എനിക്ക് അലവൻസു തരുന്ന സ്ഥാപനത്തിൽ നിന്ന്

വാങ്ങിക്കൊള്ളുക എന്നതായിരുന്നു എന്റെ മറുപടി. അച്ചന്മാർ വ്യക്തിപരമായി അടയ്ക്കേണ്ട തുക ഞാനും അടച്ചുകൊണ്ടിരുന്നു. പുസ്തകം മൊത്തമായി വിറ്റു പണം കിട്ടിയപ്പോൾ 15 വർഷത്തെ തുക ഞാൻ അടച്ചു. എൻറെ അലവൻസും ഞാൻ മുടക്കിയ തുകയും തിരിച്ചെടുക്കുകയും ചെയ്തു.

അച്ചടിക്കുന്ന പുസ്തകത്തിൻറെ ഇരുപതു ശതമാനത്തിൽ താഴയേ തലശ്ശേരി രൂപതയിൽ ചെലവാകുന്നുള്ളൂ. ബാക്കി മുഴുവൻ മറ്റു രൂപതാകേന്ദ്രങ്ങൾ, സ്കൂളുകൾ, സന്യാസ സ്ഥാപനങ്ങൾ, ബുക്കു സ്റ്റാളുകൾ മുതലായവ വഴിയാണു ചെലവാകുന്നത്. ചിത്രകഥ ഇതര ഭാഷകളിലേക്കു വിവർത്തനം ആരംഭിച്ചപ്പോൾ അവയിൽ നിന്ന് ഒരു ചെറിയ തുക ലാഭമു-ണ്ടായിരുന്നു. ചിത്രങ്ങൾ, ഫിലിം, എഴുത്തുകൂലി മുതലായ ഇനങ്ങളിൽ ഈടാക്കിയിരുന്നതാണ്. നേരിട്ട് അച്ചടിച്ചാൽ അതിനേക്കാൾ വലിയ തുക ചെലവാകും എന്നതിനാൽ വിവർത്തകർക്കെല്ലാം ഈ നിലപാട് സ്വീകാര്യമായിരുന്നു.

പ്രസുകളുമായി നല്ല ബന്ധം സ്ഥാപിക്കാൻ സാധിച്ചതുകൊണ്ട് ന്യായമായ നിരക്കിൽ പുസ്ത-കങ്ങൾ അടിച്ചു കിട്ടുമായിരുന്നു. വരാപ്പുഴ രൂപത-യുടെ വക പ്രസ് ഇതൊരു പ്രേഷിതദൗത്യമായി ഏറ്റെടുത്തു കഴിയുന്നത്ര കുറഞ്ഞ തുകയ്ക്കു പുസ്തകങ്ങൾ അടിച്ചു തന്നുകൊണ്ടിരുന്നു. തുകയട-

ക്കാൻ പലപ്പോഴും രണ്ടും മൂന്നും മാസം അവധിയും തന്നിരുന്നു. മേലധികാരിയായിരുന്ന ഫാദർ ജോർജ് വെളിപ്പറമ്പിലിനോട് അതിൻറെ പേരിൽ പ്രത്യേക കടപ്പാടും നന്ദിയുമുണ്ട്.

മൂലധനം കുറവായിരുന്നതിനാൽ പരമാവധി ചെലവു കുറയ്ക്കാൻ ഞങ്ങൾ ശ്രദ്ധിച്ചിരുന്നു. അത്യാവശ്യമുള്ളപ്പോൾ മാത്രമേ വിതരണ കാര്യത്തിനായി കൂലിക്ക് ആളെ വെച്ചിരുന്നുള്ളൂ. പായ്ക്ക് ചെയ്യാൻ ആവശ്യമായ ചാക്ക്, കടലാസ്, ചരട്, മുതലായവ പ്രസ്സിൽ നിന്നും വരുന്നവ - ചുളുങ്ങിയതും കീറിയതും ആയവ - എടുത്ത് ഉപയോഗിച്ചു. എഴുത്തു മുതൽ വിതരണം വരെ-യുള്ള പണികളെല്ലാം തന്നെ സിസ്റ്റർ ഗ്ലോറിസ്റ്റായും ഞാനും കൂടിയാണ് ചെയ്തിരുന്നത്. ഇതുവഴി ഗണ്യമായ ഒരു തുക ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചിത്രകഥ ഒഴികെ ബാക്കി പുസ്തകങ്ങൾ എല്ലാം പ്രീപബ്ലിക്കേഷൻ നിരക്കിൽ മുൻകൂർ പണം പിരിച്ചുകൊണ്ടാണ് പ്രസിദ്ധീകരിച്ചിരുന്നത്. മൂലധനം കണ്ടെത്താനുള്ള ഒരു എളുപ്പവഴി അതായിരുന്നു.

ഇത്രയെല്ലാം ശ്രമിച്ചിട്ടും 1995 ആയപ്പോഴേക്കും പ്രസിദ്ധീകരണം മുന്നോട്ടു കൊണ്ടുപോകുക വലിയ ഭാരമായിത്തീർന്നു. ഓർഡറുകൾ കുറഞ്ഞു. ബൈബിൾ തീർത്ഥാടന പുസ്തകങ്ങളോട് ആരംഭ-ത്തിൽ ഉണ്ടായിരുന്ന ആവേശം തണുത്തുതുടങ്ങി. അച്ചടിക്കുന്ന പുസ്തകങ്ങളുടെ പകുതിപോലും

ചിലവാകാതായി. അതിനാൽ കോപ്പികളുടെ എണ്ണം കുറച്ചു. വരവു കുറഞ്ഞു. എന്നാലും, തീർന്നു പോകുന്ന പുസ്തകങ്ങൾ അച്ചടിക്കേണ്ടതുണ്ടായിരുന്നു. പുതിയ പുസ്തകങ്ങൾ തുടർന്നു പ്രസിദ്ധീകരിക്കുകയും വേണം. രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ പേരിൽ പ്രസിദ്ധീകരണം തുടർന്നു കൊണ്ടു പോകുക പ്രയാസമായി. സ്കൂളുകളിൽ ഒരു വർഷം മൊത്തം 40,000 രൂപയിലും താഴെ വിലക്കുള്ള പുസ്തകങ്ങളേ ചെലവാകുന്നുള്ളൂ. അത് നാല് ചിത്രകഥാ പുസ്തകങ്ങൾ വീണ്ടും അടിക്കാൻ തികയുകയില്ല. ഒരു പുസ്തകത്തിൻറെ 5000 കോപ്പി എങ്കിലും ഏറ്റവും കുറഞ്ഞത് അടിക്കണം എന്നാണ് പ്രസ്സിൻറെ നിബന്ധന.

ഈ സാഹചര്യത്തിൽ പ്രസിദ്ധീകരണവും വിതരണവും ആരെയെങ്കിലും ഏൽപ്പിക്കുകയാണ് ഉചിതം എന്ന് മനസ്സിലായി. സാമ്പത്തിക തലത്തിലും വിതരണ കാര്യത്തിലും രൂപതയിലെ താൽപര്യം മുകളിൽ വിവരിച്ചതിൽ നിന്ന് വ്യക്തമാണല്ലോ. പല പ്രസിദ്ധീകരണ സ്ഥാപനങ്ങളെയും സമീപിച്ചെങ്കിലും ബൃഹത്തായ ഈ ബാധ്യത ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. ചില പുസ്തകങ്ങളുടെ കോപ്പികൾ തീർന്നതിനാൽ പുതുതായി അടിക്കേണ്ടതും ഉണ്ടായിരുന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് സ്ഥലംമാറ്റത്തെക്കുറിച്ചു പിതാവു പറഞ്ഞത്. അച്ചടിച്ചു സൂക്ഷിച്ചിരിക്കുന്ന പുസ്തകങ്ങൾ നഷ്ടപ്പെടാതെ വിതരണം ചെയ്യണം. ഞാൻ വ്യക്തി-

പരമായി ഏറ്റെടുത്ത ബാധ്യതകൾ തീർക്കണം. പ്രസിദ്ധീകരണങ്ങളുടെ ഇനത്തിൽ രൂപതയ്ക്ക് ഒരു ബാധ്യതയും അവശേഷിക്കാതെ ഡിപ്പാർ-ട്ട്മെന്റിൻറെ ഉത്തരവാദിത്വം കൈമാറുകയും വേണം. ഇതെല്ലാം എങ്ങനെ സാധിക്കും എന്ന് ആലോചിച്ചും പ്രാർത്ഥിച്ചും ഇരുന്നപ്പോൾ 1997 മെയ് മാസത്തിൽ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രം മുന്നോട്ടു വന്നു. സ്റ്റോക്കുള്ള മുഴുവൻ പുസ്തകവും ഏറ്റെടുത്ത് വിതരണം ചെയ്യാനും തീരുന്നവ വീണ്ടും അച്ചടിക്കാനും അവർ തയ്യാറായി. 1997 ഡിസംബർ വരെ സന്ദേശഭവനിൽ നിന്ന് വിതരണം ചെയ്യാൻ വേണ്ടത്ര പുസ്തകങ്ങൾ മാറ്റിവെച്ച ശേഷം ബാക്കി-യുള്ളവ 5 ലക്ഷം രൂപയ്ക്കു മൊത്തമായി എടുത്തു-കൊള്ളാം എന്നും അതിൽ 2 ലക്ഷം സെപ്റ്റംബറിലും ബാക്കി ഡിസംബർ അവസാനവും തരാമെന്നും അവർ സമ്മതിച്ചു. അതനുസരിച്ച് 1997 ജൂൺ പതിനെട്ടാം തീയതി പുസ്തകങ്ങൾ ഒരു ലോറിക്കു മുരുങ്ങൂരിലേക്ക് അയച്ചു. 13 ലക്ഷം രൂപ മുഖവിലയുള്ള പുസ്തകങ്ങളാണ് ഇങ്ങനെ കൊടുത്തത്.

വിതരണം ഏറ്റെടുക്കുന്ന കാര്യത്തിൽ അവർക്കു മടിയും ആശങ്കയുമുണ്ടായിരുന്നു. ഇതുപോലുള്ള പുസ്തകങ്ങൾ ധ്യാനകേന്ദ്രത്തിൽ നിന്ന് അവർ വിതരണം ചെയ്തിട്ടില്ല. അതിനാൽ പുസ്തകങ്ങൾ ചെലവാകുമോ എന്ന കാര്യത്തിൽ

തീർച്ചയില്ല. സാമാന്യം വലിയൊരു തുക മുതൽമുടക്കുന്നത് ഒരു സാഹസമാണു താനും. എന്നാലും വചനപ്രഘോഷണദൗത്യത്തിന്റെ ഭാഗമായി ഇതിനെ അവർ കണ്ടു. 1997 ഓഗസ്റ്റ് 15 മുതൽ ബൈബിളിന്റെ പ്രസിദ്ധീകരണവും വിതരണവും ആരംഭിക്കുന്ന കൂട്ടത്തിൽ ഈ പുസ്തകങ്ങളുടെ വിതരണവും ആരംഭിക്കാം എന്ന് അവർ തീരുമാനിച്ചു. സ്റ്റോക്കു തീർന്നുപോയ നാല് ചിത്രകഥകളും ബൈബിൾ തീർത്ഥാടനത്തിലെ ഒരു പുസ്തകവും പുതുതായി അടിക്കേണ്ടതുണ്ടായിരുന്നു. അത് അവർ ചെയ്തുകൊള്ളാം എന്ന് സമ്മതിച്ചു. അതോടെ വലിയൊരു ബാധ്യത ഒഴിവായി. പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും വിതരണവും - രൂപതയ്ക്ക് ഒരു ബാധ്യതയും കൂടാതെ - നിർബാധം തുടരുമെന്ന പ്രതീക്ഷയും ലഭിച്ചു. അങ്ങനെ 1982ൽ ഞാൻ തലശ്ശേരി രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ പേരിൽ ആരംഭിച്ച പ്രസിദ്ധീകരണ പദ്ധതി അവസാനിപ്പിച്ചു എന്ന് പറയാം.

## 4. അവലോകനം.

വചനപ്രഘോഷണ രംഗത്തു കഴിഞ്ഞ 15 വർഷം നടത്തിയ പ്രവർത്തനങ്ങളുടെ സാമാന്യം വിശദവും സമഗ്രവുമായ ഒരു വിവരണം അവതരിപ്പിച്ചു കഴിഞ്ഞു. ഇനി ഈ പ്രവർത്തനങ്ങളിൽ എന്നെ നയിച്ചിരുന്ന വീക്ഷണങ്ങൾ, ഞാൻ സ്വീകരിച്ച പ്രവർത്തന ശൈലിയും അതിൻറെ കാരണങ്ങളും, രൂപതയിൽ

നിന്നു ലഭിച്ച പ്രതികരണങ്ങൾ, ഉണ്ടായ നേട്ടങ്ങൾ, കോട്ടങ്ങൾ, മുതലായവയെപ്പറ്റി എൻറെ വ്യക്തിപരമായ ഒരു അവലോകനം തികച്ചും സംഗതമാണെന്ന് കരുതുന്നു.

1968 ജൂൺ 29-ആം തീയതിയാണ് റോമിലെ പ്രൊപ്പഗാന്താ കോളേജിൽ വച്ച് ഞാൻ പൗരോഹിത്യപട്ടം സ്വീകരിച്ചത്. കഴിയുന്നതും വേഗം ലഭിക്കാവുന്ന ഒരു ഡോക്ടറേറ്റ് എടുത്തു കൊണ്ട് തിരിച്ചുവരാനായിരുന്നു അന്ന് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് എന്നോട് ആദ്യമേ പറഞ്ഞത്. എന്നാൽ ആ കാലത്ത് ആലുവ സെമിനാരിയിലെ റെക്ടറായിരുന്ന ഫാ. ഡൊമിനിക് ഒ. സി. ഡി. യുടെ അപേക്ഷപ്രകാരം ബൈബിൾ പഠിക്കാൻ പിതാവ് എന്നോട് ആവശ്യപ്പെട്ടു. തിരിച്ചു വന്നതിനുശേഷം വേണമെങ്കിൽ ആലുവ സെമിനാരിയിൽ പഠിപ്പിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാം എന്നും പറഞ്ഞു. അതനുസരിച്ച് 1968-78 കാലഘട്ടത്തിൽ റോമിലെ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചു ബൈബിൾ വിജ്ഞാനത്തിൽ ഡോക്ടറേറ്റ് സമ്പാദിച്ചു.

ലഭിച്ച അറിവു കഴിയുന്നത്ര അല്മായർക്ക് പകർന്നു കൊടുക്കണം എന്നതായിരുന്നു തിരിച്ചു വരുമ്പോൾ എനിക്ക് ഉണ്ടായിരുന്ന മുഖ്യ ലക്ഷ്യം. അതിനാലാണ് 1980 ഏപ്രിൽ മാസത്തിൽ ആലുവ സെമിനാരിയിലേക്ക് കിട്ടിയ ക്ഷണം നിരസിച്ചത്. പിന്നീട് പൂന, ട്രിച്ചി, ആഷ്ട, മുതലായ പല

സെമിനാരികളിലും മാത്തർദേയി, ബാംഗളൂരിലെ സുദീപ്, മുതലായ സിസ്റ്റേഴ്സിൻറെ പരിശീലന കേന്ദ്രങ്ങളിലും, മൈസൂർ യൂണിവേഴ്സിറ്റിയുടെ ചെയർ ഓഫ് ക്രിസ്ത്യാനിറ്റിയിലും ദീർഘകാല-സേവനം ആവശ്യപ്പെട്ടെങ്കിലും സ്വീകരിക്കാതിരുന്നത് ഈ കാരണത്താലാണ്. പ്രസിദ്ധീകരണ രംഗത്താണ് മുഖ്യമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. 1986 ആയപ്പോഴേക്കും തലശ്ശേരിയിൽ പ്രസിദ്ധീകരണ-ങ്ങൾക്ക് ആവശ്യമായ സംവിധാനങ്ങളും അന്തരീക്ഷവും സംജാതമായിക്കഴിഞ്ഞിരുന്നു. അവ ഉപയോഗിച്ചു പ്രസിദ്ധീകരണം തുടരാം എന്ന ഏക പ്രതീക്ഷയിലാണ് രൂപത വിഭജിക്കപ്പെട്ടപ്പോൾ സ്വാഭാവികമായും താമരശ്ശേരിക്ക് പോകേണ്ടിയിരുന്ന ഞാൻ തലശ്ശേരിയിൽ തന്നെ തുടരാൻ തീരുമാനിച്ചത്.

വചനപ്രഘോഷണത്തിന് വേണ്ടി സ്വതന്ത്രമായ ഒരു ഡിപ്പാർട്ട്മെൻറ് സ്ഥാപിച്ചെങ്കിലും തനതായ സംവിധാനങ്ങൾ ഉണ്ടാക്കാൻ ഞാൻ ശ്രമിച്ചില്ല. ഇടവകതോറും ബൈബിൾ ഗ്രൂപ്പുകളും, അവയ്ക്കു നേതൃത്വവും, രൂപതാതല സംവിധാനങ്ങളും ഉണ്ടാക്കാമായിരുന്നു. മറ്റെല്ലാ ഡിപ്പാർട്ട്മെൻറുകളും ഈ രീതിയിലാണ് പ്രവർത്തിക്കുക. പ്രവർത്തനങ്ങൾ ജനങ്ങളുടെ അടുക്കലേയ്ക്കു നേരിട്ട് എത്തിക്കാൻ ഈ സംവിധാനങ്ങൾ സഹായിക്കുകയും ചെയ്യും. ഇപ്രകാരം ഒരു പ്രവർത്തന ശൈലി സ്വീകരിക്കാതിരിക്കാൻ രണ്ട് പ്രധാന കാരണങ്ങൾ ഉണ്ടായിരുന്നു. രൂപത,

ഫൊറോന, ഇടവക തലങ്ങളിൽ നിലവിലിരിക്കുന്ന സംവിധാനങ്ങളിലൂടെ പ്രവർത്തിക്കുകയാണ് ഉചിതം എന്ന് തോന്നിയതാണ് ആദ്യത്തെ കാരണം.

വചനപ്രഘോഷണം ഏതെങ്കിലും ചില വ്യക്തികളുടെ മാത്രമല്ല, ദൈവജനം മുഴുവൻറെയും ദൗത്യമാണ്. അതിനാൽ മതബോധനം, യുവജനം, മിഷൻ ലീഗ്, കുടുംബം മുതലായ വകുപ്പുകളുമായി ഒരുമിച്ചു പ്രവർത്തിക്കാനാണ് ശ്രമിച്ചത്. അവ വഴിയാണു ക്ലാസുകളും സെമിനാറുകളും സംഘടിപ്പിച്ചതും. അതിനേക്കാൾ ഉപരിയായി വികാരിയാച്ചന്മാരുമായി നേരിട്ടുബന്ധപ്പെട്ടും അവരുടെ നിർദേശങ്ങൾ സ്വീകരിച്ചും പ്രവർത്തി-ക്കാൻ ശ്രമിച്ചു. സ്വന്തമായി സംവിധാനങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചാൽ സമയം അധികവും അതിനായി ചെലവഴിക്കേണ്ടി വരികയും ക്രിയാത്മക പ്രവർത്തനങ്ങൾക്ക് സമയം ലഭിക്കാതെ പോവുകയും ചെയ്യും എന്നതായിരുന്നു ഈ പ്രവർത്തന ശൈലി സ്വീകരിക്കാൻ പ്രേരിപ്പിച്ച രണ്ടാമത്തെ കാരണം. പ്രസിദ്ധീകരണങ്ങൾ വർദ്ധിച്ചതനുസരിച്ച് ഇടവകകളിലെ പ്രവർത്തന-ങ്ങൾ കുറയ്ക്കേണ്ടിവരുകയും ചെയ്തു.

ദീർഘകാല ബൈബിൾ പഠന പരിപാടി, ചിത്രകഥ, ബൈബിൾ തീർത്ഥാടനം, ബൈബിൾ വിതരണത്തിനു വേണ്ടിയുള്ള മൂലധന സമാഹരണം മുതലായവ - ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ പ്രധാന സംരംഭങ്ങൾ എല്ലാം തന്നെ - രൂപതാ മതബോധന

കമ്മിറ്റി, പാസ്റ്ററൽ കൗൺസിൽ, വൈദികരുടെ പൊതുസമ്മേളനം എന്നീ വേദികളിൽ ചർച്ച ചെയ്ത- തിനുശേഷം ആണു തീരുമാനിച്ചതും നടപ്പിലാക്കി- യതും. അതിനാൽ ഇതൊന്നും എൻറെ സ്വന്തം താല്പര്യങ്ങൾക്കൊത്തു രൂപം കൊടുത്ത പ്രവർ- ത്തനങ്ങൾ ആയിരുന്നില്ല. ഒരിക്കൽ തീരുമാന- മെടുത്താൽ പിന്നെ അതു നടപ്പിലാക്കുന്ന കാര്യത്തിൽ എന്റെ സ്വന്തം കാര്യം എന്നതുപോലെ ആത്മാർ- ത്ഥമായി അധ്വാനിച്ചിരുന്നു എന്ന് മാത്രം.

കഴിയുന്നത്ര മറ്റാരെയും ആശ്രയിക്കാതെയും അനാവശ്യമായി ആരെയും ബുദ്ധിമുട്ടിക്കാതെയും കാര്യങ്ങൾ ചെയ്യുക എൻറെ സ്വഭാവത്തിൻറെ തന്നെ ഭാഗമാണ്. തനിച്ചു ചെയ്യാവുന്ന കാര്യങ്ങൾക്കു മറ്റുള്ളവരെ ആശ്രയിക്കാതിരിക്കുക എന്ന തത്വമാണ് ഞാൻ പൊതുവേ സ്വീകരിച്ചിട്ടുള്ളത്. അതുപോലെതന്നെ കാര്യങ്ങൾ വേഗം ആലോചിച്ചു തീരുമാനമെടുത്തു നടപ്പിലാക്കുന്ന പ്രകൃതവും എനിക്കുണ്ട്. ദീർഘമായ ചർച്ചകൾക്കു ശേഷവും തീരുമാനം ഉണ്ടാകാതിരിക്കുന്നതും എടുത്ത തീരുമാ- നങ്ങൾ നടപ്പിലാക്കാൻ വൈകുന്നതും എന്നെ അലോസരപ്പെടുത്താറുണ്ട്. ഒരിക്കൽ ചോദിച്ചിട്ട് സഹായം നിഷേധിച്ചവരുടെയടുക്കൽ വീണ്ടും സഹായത്തിനായി യാചിക്കാൻ എനിക്കു മടിയാണ്. ഈ പ്രത്യേകതകളൊക്കെ അതിരുകടന്ന സ്വയം പര്യാപ്തതാ ബോധവും അഹങ്കാരവും ആയി ചിലർക്കെല്ലാം തോന്നിയിട്ടുണ്ടാവാം.

സാമ്പത്തിക കാര്യത്തിലും ഈ അടിസ്ഥാന സമീപനം ഞാൻ സ്വീകരിച്ചിരുന്നു. സ്വന്തമായി കൊടുക്കാവുന്നത് മുഴുവൻ കൊടുത്തതിനുശേഷം ബാഹ്യസഹായം തേടുക എന്നതായിരുന്നു നിലപാട്. അതിനാൽത്തന്നെയാണ് ധനസഹായ അഭ്യർത്ഥനയ്ക്കുള്ള പ്രോജക്ടുകളും ആയി വിദേശ ഏജൻസികളെ സമീപിക്കാതെ രൂപതയിലെ അച്ചന്മാരെ തന്നെ സമീപിച്ചതും കൈവശം ഉണ്ടായിരുന്നതു മുഴുവൻ ബൈബിൾ അപ്പോസ്റ്റലേറ്റിനു വേണ്ടി ചെലവഴിച്ചതും. അതേസമയം ചെലവ് ചുരുക്കാൻ ഞാൻ പരമാവധി ശ്രമിക്കുകയും ചെയ്തിരുന്നു. ചിത്രകഥകൾ മറ്റു ഭാഷകളിലേക്കു വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ച പലർക്കും വിദേശ ഏജൻസികളുടെ സഹായം ലഭിച്ചപ്പോഴും അങ്ങനെയൊരു സഹായത്തിനു വേണ്ടി ഒരിക്കലും ശ്രമിച്ചില്ല. ഒരു പ്രോജക്ടും എഴുതി അയച്ചതുമില്ല. ദീർഘകാല ബൈബിൾ പഠനപരിപാടിയിൽ പങ്കെടുത്ത അല്മായരിൽ പലരും വളരെ ദരിദ്രരും കൂലിവേലകൊണ്ട് ഉപജീവനം കഴിയുന്നവരും ആയിരുന്നിട്ടും രണ്ടോ മൂന്നോ പേരൊഴികെ ആരും സൗജന്യം ആവശ്യപ്പെട്ടിട്ടില്ല.

പണത്തിന്റെ കാര്യത്തിലെന്നതുപോലെ സമയത്തിൻറെ കാര്യത്തിലും കർശനമായ മിതത്വം പാലിക്കാൻ ശ്രമിച്ചു പോന്നു. ജോലി കൂടുതലും ജോലിക്കാർ കുറവും ആയിരുന്നതിനാൽ അത്യാവശ്യമില്ലാത്ത കാര്യങ്ങൾക്കു സമയം ചെലവഴിക്കാൻ കഴിയുമായിരുന്നില്ല. അതിനാൽ

പലപ്പോഴും വിരുന്നുകളിലും വിനോദങ്ങളിലും പങ്കെടുക്കാതെ മാറിനിൽക്കേണ്ടിവന്നു. ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും കിട്ടിയ ക്ഷണങ്ങൾ മിക്കതും നിരസിക്കേണ്ടിയും വന്നിട്ടുണ്ട്. എന്നെക്കൂടാതെ നടക്കാവുന്ന കാര്യങ്ങളിൽ പങ്കെടുക്കേണ്ടതില്ല, അത് കടുത്ത തെറ്റിദ്ധാരണകൾക്കും വ്യക്തിബന്ധങ്ങളുടെ തകർച്ചക്കും കാരണമാവുയില്ലെങ്കിൽ, എന്ന പൊതുതത്വമാണ് ഞാൻ സ്വീകരിച്ചിരുന്നത്. പക്ഷേ ഈ നിലപാടു പലർക്കും മനസ്സിലാക്കാനോ അംഗീകരിക്കാനോ പ്രയാസമായിരുന്നു. അതിന്റെ പ്രത്യാഘാതങ്ങൾ കുറേയെല്ലാം അനുഭവിക്കേണ്ടി വന്നിട്ടുമുണ്ട്.

തലശ്ശേരി രൂപതയെ മാത്രം മുന്നിൽ കണ്ടുകൊണ്ടായിരുന്നില്ല ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരുന്നത്. പ്രസിദ്ധീകരണങ്ങളും ക്ലാസുകളും കേരളത്തിലെ മറ്റു രൂപതകളിലേക്കും കേരളത്തിന് പുറത്തേക്കും വ്യാപിച്ചുകൊണ്ടിരുന്നു. ഈ ആവശ്യങ്ങൾക്കായി നടത്തിയ യാത്രകളും ചിലവഴിച്ച സമയവും വ്യർത്ഥമായിപോയില്ല എന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. എന്നാലും മുഖ്യ ശ്രദ്ധ രൂപതയിൽത്തന്നെ തന്നെ ആയിരുന്നു .

പ്രസിദ്ധീകരണങ്ങളെ, പ്രത്യേകിച്ചും ആരംഭകാലത്ത്, അത്ര അനുഭവത്തോടെയല്ല രൂപതാകേന്ദ്രത്തിൽത്തന്നെ വീക്ഷിച്ചിരുന്നത്. ചില ലഘുലേഖകൾ

ശക്തമായ എതിർപ്പിനു കാരണമാവുകയും ചെയ്തിട്ടുണ്ട്. രണ്ട് ഉദാഹരണങ്ങൾ എടുത്തു പറയട്ടെ 1984ൽ ചതുരംഗം എന്ന ഒരു ലഘു നാടകം പ്രസിദ്ധീകരിച്ചത് ആ വർഷത്തെ ഒരു രൂപതാ മതബോധന കമ്മിറ്റിയിൽ വലിയ വിവാദ വിഷയമായി. വിശ്വാസവിരുദ്ധമായ പ്രസിദ്ധീകരണങ്ങൾ രൂപതാ കേന്ദ്രത്തിൽ നിന്നിറക്കുന്നതിനെ പിതാവ് തടയണം, കാരിമാറ്റത്തിലച്ചന്റെ പുസ്തകങ്ങൾക്കു സെൻസർഷിപ്പ് ഏർപ്പെടുത്തണം എന്നൊക്കെ നിർദ്ദേശങ്ങളുണ്ടായി. അത് ഒരു പൊതു തീരുമാനം ആകാൻ തുടങ്ങിയപ്പോൾ വിശദീകരണം നൽകാൻ ഞാൻ ബാധ്യസ്ഥനായി.

താലന്ത് മാസികയിൽ (പി.ഒ.സി.) പ്രസിദ്ധീകരിച്ചതായിരുന്നു ചർച്ചാവിഷയമായ നാടകം. അതിനാൽ സെൻസർഷിപ്പ് ആദ്യം പി.ഒ.സി. യിലാകട്ടെ. തന്നെയുമല്ല, 500ൽ പരം പേജുകൾ ലഘുലേഖകളും ചിത്രകഥകളുമായി ഞാൻ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു. രൂപതയുടെ സെൻസർ ബോർഡ് ആദ്യം അവയെല്ലാം വായിച്ചു വിശ്വാസത്തിനോ ധാർമികതയ്ക്കോ വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ കണ്ടുപിടിക്കട്ടെ, ഞാൻ മാപ്പ് പറയാം, പരിഹാരം അനുഷ്ഠിക്കാം, ഭാവിയിൽ സെൻസർഷിപ്പിനു വിധേയനാകാം. കണ്ടുപിടിക്കാൻ കഴിയുന്നില്ലെങ്കിൽ പഴയതുപോലെ പ്രസിദ്ധീകരണം തുടരും. അതെല്ലാവരും അംഗീകരിച്ചു. സെൻസർക്ക് സമയം കിട്ടാഞ്ഞിട്ടോ

തെറ്റ് കാണാഞ്ഞിട്ടോ എന്നറിയില്ല, എനിക്ക് ആരും നിയന്ത്രണം ഏർപ്പെടുത്തിയില്ല.

1985ൽ കൂടുതൽ രൂക്ഷമായ ഒരു പ്രശ്നമുണ്ടായി. വിമോചന ദൈവശാസ്ത്രത്തെപ്പറ്റി സജീവ ചർച്ച നടക്കുന്ന കാലഘട്ടമായിരുന്നു അത്. 1984ലെ മത്സ്യത്തൊഴിലാളി സമരവുമായി ബന്ധപ്പെട്ട് താലന്ത് മാസികയിൽ വന്ന ലേഖനങ്ങളും 1983 മുതൽ ആ മാസികയിൽ ഞാൻ പ്രസിദ്ധീകരിച്ചു കൊണ്ടിരുന്ന 'സാമൂഹ്യനീതി ബൈബിളിൽ' എന്ന പരമ്പരയും മുഖപ്രസംഗങ്ങളും എല്ലാം ചൂടുപിടിച്ച ചർച്ചകൾക്കും രൂക്ഷമായ വിമർശനങ്ങൾക്കുമിരയായി. അവസാനം 1984 ഡിസംബറിൽ K.C.B.C. ഇടപെട്ട് താലന്തിന്റെ പ്രസിദ്ധീകരണം തൽക്കാലത്തേക്കു നിർത്തിവെച്ചു. എഡിറ്റോറിയൽ ബോർഡു പിരിച്ചുവിട്ടു. ഫാ. ജോസ് മുളങ്കാട്ടിൽ മുഖ്യ പത്രാധിപരും ഫാ. സെബാസ്റ്റ്യൻ പൈനാടത്തും ഞാനും സഹപത്രാധിപൻമാരും ആയിരുന്നു.

വിമോചന ദൈവശാസ്ത്രത്തിൻറെ ചില വശങ്ങളെക്കുറിച്ചുള്ള പ്രബോധനം എന്ന വത്തിക്കാൻ രേഖയെക്കുറിച്ച് വിമർശനാത്മകമായ ഒരു പഠനം ഫാ. ജോസഫ് കൊട്ടുകാപ്പിള്ളി താലന്തിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരുന്നു. അതിലെ രണ്ട് ലേഖനങ്ങൾ ബാക്കിനിൽക്കുമ്പോഴാണു താലന്തിനു മുടക്ക് കൽപ്പിച്ചത്. അതിനാൽ ആ പരമ്പര മുഴുവൻ ഒരു ലഘുലേഖയായി 'വിമോചന ദൈവശാസ്ത്രം ഭീഷണിയോ വെല്ലുവിളിയോ' എന്ന പേരിൽ

ബൈബിൾ അപ്പോസ്റ്റലേറ്റ് 1985ൽ പ്രസിദ്ധീകരിച്ചു. അതു വലിയ ഒച്ചപ്പാടിനു കാരണമായി. 'സാമൂഹ്യനീതി ബൈബിളിൽ' എന്ന ലേഖന പരമ്പരയിലെ ചില പരാമർശങ്ങൾ ശക്തമായ വിമർശന പ്രളയം അഴിച്ചുവിട്ടതിന് പിന്നാലെയായിരുന്നു ഇതും ചതുരംഗവും വിമർശന വിഷയമായത്. എനിക്ക് മുടക്കു കൽപ്പിക്കണം എന്ന നിർദ്ദേശം പലയിടത്തു നിന്നുമുണ്ടായി. ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ പ്രസിദ്ധീകരണത്തിനു തിരശീല വീഴും എന്ന് പലരും കരുതി.

ഈ സാഹചര്യത്തിൽ അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് വളരെ ശ്രദ്ധേയമായ ഒരു കാര്യം ചെയ്തു. വിവാദ വിഷയമായ ലഘുലേഖയുടെ കോപ്പികൾ ഈ ഓഫീസിൽ നിന്ന് പണം കൊടുത്തു വാങ്ങി അന്നു രൂപതാ കേന്ദ്രത്തിൽ ഉണ്ടായിരുന്ന സകല അച്ചന്മാർക്കും കൊടുത്തു. ഒരു മാസത്തിനകം ലഘുലേഖ സസൂഷ്മം പഠിച്ച് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം എഴുതി കൊടുക്കണം എന്നും ആവശ്യപ്പെട്ടു. ചോദ്യങ്ങൾ 1. ഈ ലഘുലേഖയിൽ കത്തോലിക്കാ വിശ്വാസത്തിനോ ധാർമികതയ്ക്കോ വിരുദ്ധമായി എന്തെങ്കിലും ഉണ്ടോ? 2. ഈ ലഘുലേഖ വിശ്വാസികൾക്ക് ഇടർച്ചയ്ക്കു കാരണമാകുമോ? 3. ഈ ലഘുലേഖ കൊണ്ട് നമ്മുടെ ആളുകൾക്ക് എന്ത് പ്രയോജനമാണ് ഉണ്ടാകുന്നത്? കാര്യങ്ങൾ പിതാവ് എന്നോടും പറഞ്ഞു അച്ചന്മാരുടെ വിമർശനങ്ങൾക്കും ചോദ്യങ്ങൾക്കും മറുപടി പറയാൻ ഒരുങ്ങി കൊള്ളാനും

പറഞ്ഞു. ഏവർക്കും സ്വീകാര്യമായ ഒരു ദിവസം നിശ്ചയിക്കുകയും ചെയ്തു.

നിശ്ചിത ദിവസം എല്ലാവരും അരമനയിൽ സമ്മേളിച്ചു. ആരും ഉത്തരം എഴുതി കൊടുക്കാത്തതിൽ പിതാവു സാരമായ അതൃപ്തി പ്രകടിപ്പിച്ചു. ഏതായാലും ചർച്ചയിൽ എല്ലാവരും സജീവമായി പങ്കെടുത്തു. വിശ്വാസത്തിനോ ധാർമികതയ്ക്കോ വിരുദ്ധമായി അതിൽ ഒന്നുമില്ല, സാധാരണക്കാർ വായിച്ചാൽ ഒന്നും മനസ്സിലാവുകയില്ല, മനസ്സിലാക്കാൻ കഴിവുള്ളവർക്ക് ഇതൊരു ദോഷവും ചെയ്യുകയില്ല, എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ വന്നു. എൻറെ വിശദീകരണം ഞാനും നൽകി. എന്താണ് തീരുമാനം എന്ന് ഒരച്ചൻ ചോദിച്ചതിന് തീരുമാനമെടുക്കാനല്ല, കാര്യങ്ങൾ മനസ്സിലാക്കാനാണു വിളിച്ചത്, വേണ്ടിവന്നാൽ ഇനിയും വിളിക്കും എന്ന മറുപടിയാണു പിതാവു നൽകിയത്. പിന്നീട് ഇങ്ങനെയൊരു വിശദീകരണ സമ്മേളനം ഉണ്ടായിട്ടില്ല.

ഇങ്ങനെ ലഭിച്ച നിർദ്ദേശങ്ങളും തിരുത്തലുകളും പൂർണമായി സ്വീകരിക്കാൻ ഞാൻ ശ്രമിച്ചിരുന്നു. അതിനാൽ തെറ്റിദ്ധാരണകൾ ജനിപ്പിക്കാവുന്ന പ്രസിദ്ധീകരണങ്ങൾ മനപൂർവ്വം ഒഴിവാക്കുകയും ചെയ്തിരുന്നു. ചെറിയവർക്ക് ദുഷ് പ്രേരണ നൽകുന്നതിനെക്കുറിച്ചു കർത്താവു നൽകിയ താക്കീത് (മത്തായി 18: 6) എപ്പോഴും മനസ്സിൽ സൂക്ഷിച്ചിരുന്നു.

1989ൽ നടപ്പിലാക്കിയ പുതിയ കുർബാനക്രമത്തെ സംബന്ധിച്ച അഭിപ്രായവ്യത്യാസങ്ങളും 1992ൽ പൊന്തിഫിക്കൽ കമ്മീഷന്റെ സന്ദർശനത്തോട് അനുബന്ധിച്ചുണ്ടായ ചർച്ചകളും തർക്കങ്ങളും ബൈബിൾ അപ്പോസ്റ്റ ലേറ്റിന്റെ പ്രവർത്തനങ്ങളെ കുറെയൊക്കെ നിഷേധാത്മകമായി ബാധിച്ചു എന്നതാണ് എൻറെ അനുഭവം. എൻറെ പ്രവർത്തന മണ്ഡലം കൂടുതൽ ഒതുങ്ങുകയും പല വൈദികരുടെയും ഭാഗത്തുനിന്നു സഹകരണത്തേക്കാൾ എതിർപ്പു നേരിടേണ്ടി വരികയും ചെയ്തിട്ടുണ്ട്. ചുരുക്കം ചിലർ എനിക്കെതിരെ ദുരാരോപണങ്ങളും ദുഷ് പ്രചരണങ്ങളും നടത്തുക ഒരു ഹോബിയായി സ്വീകരിച്ചതുപോലെയും തോന്നിയിട്ടുണ്ട്. അതിൻറെയൊക്കെ അനുരണനങ്ങൾ 1992നു ശേഷം നടന്ന പല വൈദിക സമ്മേളനങ്ങളിലും ഉണ്ടാവുകയും ചെയ്തു.

1996 നവംബറിൽ നടന്ന പാസ്റ്ററൽ കൗൺസിലിന്റെയും വൈദിക സെനറ്റിന്റെയും സമ്മേളനത്തിൽ, 'മൂന്നാം സഹസ്രാബ്ദത്തിലേക്ക്' എന്ന ചാക്രിക ലേഖനം കണക്കിലെടുത്തുകൊണ്ടു വചനപ്രഘോഷണവുമായി ബന്ധപ്പെട്ട രണ്ടു നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടു. 1. ഇടവകതോറും അല്മായർക്കു വേണ്ടി ബൈബിൾ സ്റ്റഡി ക്ലാസുകൾ തുടങ്ങുക. 2. കുടുംബയോഗങ്ങളും പ്രാർത്ഥനാ യോഗങ്ങളും കൂടുതൽ സജീവമാക്കാൻ വേണ്ടി സപ്തതല രീതിയിലുള്ള സുവിശേഷം പങ്കുവെക്കൽ

(Gospel Sharing - Seven step method) ഇടവകാ തലത്തിൽ പ്രാവർത്തികമാക്കുക. ഇതിന് ആവശ്യമായ ലഘുലേഖ തയ്യാറാക്കുകയും ഗ്രൂപ്പു ലീഡർമാർക്കു പരിശീലനം നൽകുകയും ചെയ്യുക. ഡിസംബർ മാസത്തിലെ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കാനായി ഈ രണ്ടു കാര്യങ്ങളെക്കുറിച്ചും ഞാൻ അറിയിപ്പ് എഴുതിക്കൊടുത്തു. 'ബൈബിൾ സ്റ്റഡി സർക്കിളും സുവിശേഷം പങ്കുവെക്കൽ ഗ്രൂപ്പുകളും' ഇടവകയിൽ തുടങ്ങാൻ താല്പര്യം ഉള്ള ബ. അച്ചന്മാർ അറിയിക്കുക, പരിശീലനം ലഭിച്ച ഒരു ടീം ഇടവക തലത്തിലോ ഫൊറോനാ തലത്തിലോ ക്ലാസുകൾ എടുത്തു വേണ്ടു നിർദ്ദേശങ്ങളും പരിശീ-ലനങ്ങളും നൽകി ഇതിനായി ഒരുക്കുന്നതാണ്. കിട്ടുന്ന അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ പരിഗണിക്കുന്നതാണ്. ഇതായിരുന്നു അറിയിപ്പി-ന്റെ ചുരുക്കം. എന്നാൽ ബഹുമാനപ്പെട്ട ചാൻസലർ അച്ചൻ ഈ അറിയിപ്പു പ്രസിദ്ധീകരിച്ചില്ല. പാസ്റ്ററൽ കൗൺസിലിൻറെ തീരുമാനങ്ങൾ ജനുവരിയിലേ പ്രസിദ്ധീകരിക്കുന്നുള്ളു. അതിനാൽ ഇത് ഇപ്പോൾ ഗിരിദീപത്തിൽ ഇടേണ്ടതില്ല എന്ന് പിതാവു പറഞ്ഞു എന്നതാണ് എനിക്ക് നൽകിയ വിശദീകരണം. എന്നാൽ ജനുവരി ലക്കത്തിലും ഈ അറിയിപ്പ് വരാത്തതിനാൽ ഈ പ്രവർത്തന-ങ്ങളോടു രൂപതാ കേന്ദ്രത്തിനു താല്പര്യമില്ല എന്ന് ഞാൻ അനുമാനിച്ചു.

പിന്നീട് മതബോധനാ ഡയറക്ടർ മൂന്നു മേഖ-ലകളിൽ മതാധ്യാപകർക്കു വേണ്ടിയൊരുക്കിയ

ഏകദിന സെമിനാറിൽ വച്ചു 'സുവിശേഷം പങ്കുവയ്ക്ക' ലിന്റെ പരിശീലനം നൽകാൻ കഴിഞ്ഞു. ഇടവകാ തലത്തിൽ ലീഡർമാർക്കു പരിശീലനം നൽകാൻ വേണ്ടി സെമിനാരിയിൽ വച്ചു ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കു മൂന്ന് മണിക്കൂർ ദീർഘിച്ച ഒരു പരിശീലനം നൽകുകയുണ്ടായി. ഇവയ്ക്കെല്ലാം എന്തു ഫലം ഉണ്ടായി എന്ന് നിശ്ചയമില്ല. ഏതായാലും എൻറെ പ്രവർത്തനങ്ങൾ അത്ര അനുഭാവപൂർവ്വമല്ല വീക്ഷിക്കപ്പെടുന്നത് എന്ന് 1997 ഫെബ്രുവരി ആയപ്പോഴേക്കും - ആരും അത് തുറന്നു പറഞ്ഞില്ലെങ്കിലും - എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ എനിക്ക് നിശ്ചയിച്ചിരിക്കുന്ന സ്ഥലം മാറ്റം തികച്ചും സമയോചിതമാണെന്നു ഞാൻ കരുതുന്നു.

## 5. നന്ദിയുടെ ഒരു വാക്ക്.

സാമാന്യം ദീർഘമായ ഈ റിപ്പോർട്ട് അവസാനിപ്പിക്കുന്നതിനു മുൻപേ നന്ദിയുടെ ഒരു വാക്ക് കൂടി പറയട്ടെ. കഴിഞ്ഞ 15 വർഷങ്ങൾക്കിടയിൽ വചനപ്രഘോഷണ രംഗത്തു കുറെയൊക്കെ പ്രവർത്തിക്കാൻ എന്നെ ഉപകരണമാക്കിയ ദൈവത്തിന് ആദ്യമേ നന്ദി. ബൈബിൾ പഠിക്കാനും പഠിച്ചതു പ്രയോഗികമാക്കാനും അത്യാവശ്യം വേണ്ട അനുവാദങ്ങൾ നൽകുകയും, സാഹചര്യങ്ങൾ ഒരുക്കി തരുകയും, തെറ്റുകൾ തിരുത്തിയും, നേർവഴി ചൂണ്ടിക്കാണിച്ചും, അനുഭാവപൂർവ്വം നയിക്കുകയും ചെയ്ത

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിനും വചന പ്രഘോഷണരംഗത്തു തുടർന്നു പ്രവർത്തിക്കാൻ അനുവദിച്ച അഭിവന്ദ്യ വലിയമറ്റം പിതാവിനും നന്ദിയുടെ നറുമലുകൾ. രൂപതയിൽ കാര്യമായ മറ്റൊരു ഉത്തരവാദിത്വവും നൽകാതെ, കഴിയുന്നത്ര മറ്റെല്ലാ പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കി, മുഴുവൻ സമയവും വചനപ്രഘോഷണത്തിന് വേണ്ടി ചെലവഴിക്കാൻ അവർ എന്നെ അനുവദിച്ചു. സന്ദേശഭവനിലെ സഹപ്രവർത്ത-കരുടെ സൗഹൃദവും സഹവാസവും എന്നും സഹായമായിരുന്നു. പ്രസിദ്ധീകരണങ്ങൾ ഇടവക-യിൽ വിതരണം ചെയ്തും പ്രോത്സാഹനങ്ങൾ തന്നും ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങളെ സഹായിച്ച തലശ്ശേരി-താമരശ്ശേരി രൂപതകളിലെ എല്ലാ അച്ചന്മാർക്കും പ്രത്യേകം നന്ദി.

ക്ലാസുകളിൽ പങ്കെടുക്കുകയും, പുസ്തകങ്ങൾ വായിക്കുകയും വാങ്ങി വിതരണം ചെയ്യുകയും ചെയ്ത സിസ്റ്റേഴ്സിനെയും അല്മായ സഹോദര-ങ്ങളേയും നന്ദിയോടെ സ്മരിക്കുന്നു. അവരുടെ പ്രാർത്ഥനകളും പ്രോത്സാഹനങ്ങളുമാണ് എന്നും എനിക്ക് ശക്തി പകർന്നുകൊണ്ടിരുന്നത്.

സഹോദരിമാരായ സി. ലൂസി, സി. ഗ്ലോറിയ, ആർട്ടിസ്റ്റ് ദേവസി, ബെന്നി, എന്നിവരുടെ വിലപ്പെട്ട സേവനം നന്ദിയോടെ സ്മരിക്കുന്നു. ഈ ഡിപ്പാർട്ട് മെന്റിൻറെ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തെ

പ്രവർത്തനങ്ങളിൽ സി. ഗ്ളോറിസ്റ്റ നൽകിയ സഹായങ്ങളും സേവനങ്ങളും വിലമതിക്കാനാവുന്നതല്ല. സിസ്റ്ററിനും സിസ്റ്ററിൻ്റെ സേവനം വിട്ടു തന്ന ആരാധനാ സന്യാസിനി സഭാ അധികാരികൾക്കും ഹൃദയംഗമായ കൃതജ്ഞത രേഖപ്പെടുത്തട്ടെ. ഈ ഡിപ്പാർട്ടുമെൻറുമായി പലതരത്തിൽ ബന്ധപ്പെട്ടു പ്രവർത്തിച്ച എല്ലാവർക്കും നന്ദി. "ഞാൻ നിങ്ങളെ ഓർമ്മിക്കുമ്പോഴെല്ലാം എന്റെ ദൈവത്തിന് നന്ദി പറയുന്നു. എപ്പോഴും എന്റെ എല്ലാ പ്രാർത്ഥനകളിലും നിങ്ങൾ എല്ലാവർക്കും വേണ്ടി സന്തോഷത്തോടെ യാചിക്കുന്നു. ആദ്യദിവസം മുതൽ ഇന്നുവരെയും സുവിശേഷപ്രചരണത്തിനുള്ള നിങ്ങളുടെ കൂട്ടായ്മക്കു ഞാൻ നന്ദി പറയുന്നു (ഫിലി. 1: 35).

# അനുബന്ധം – 1

## പ്രസിദ്ധീകരണങ്ങൾ

| സന്ദേശം-ബൈബിൾ ലഘുലേഖകൾ |
|---|
| 1. പുറപ്പാട് - വിമോചനത്തിൻറെ പഠനക്കളരി<br>2. പലസ്തീനാ യേശുവിൻറെ കാലത്ത്<br>3. ദൈവസ്നേഹം ഹോസിയായുടെ പുസ്തകത്തിൽ<br>4. മോഷ്ടിക്കരുത്<br>5. മടങ്ങി വരൂ - അനുരഞ്ജനം പ്രവാചക വീക്ഷണത്തിൽ<br>6. നസ്രത്തിലെ ആശാരി<br>7. ഉത്തമഗീതം<br>8. രാജവാഴ്ച<br>9. മാർക്കോസിൻറെ സുവിശേഷം - ഒരാമുഖം<br>10. പെരുന്നാൾ<br>11. ജെറമിയാ |

| സഭാപഠനങ്ങൾ |
|---|
| 1. സഭയും ദാരിദ്ര്യവും<br>2. നീതി<br>3. സമാധാനം<br>4. സമരവും സംവാദവും |

## ലഘുനാടകങ്ങൾ

1. പ്രവാചകൻ
2. തിരുവോണം
3. ചതുരംഗം

## വിമോചന ദൈവശാസ്ത്രം

1. വിമോചനദൈവശാസ്ത്രത്തിന്റെ ചില വശങ്ങളെക്കുറിച്ചുള്ള പ്രബോധനം - വത്തിക്കാൻ രേഖ - 1
2. വിമോചന ദൈവശാസ്ത്രം - ഭീഷണിയോ വെല്ലുവിളിയോ?
3. ക്രിസ്തീയ സ്വാതന്ത്ര്യത്തെയും വിമോചനത്തെയും സംബന്ധിച്ച പ്രബോധനം - വത്തിക്കാൻ രേഖ - 2

## അദ്ധ്യാപക സഹായി

1. ബൈബിൾ ചിത്രകഥ - ഒരു പഴയ നിയമം
2. ബൈബിൾ ചിത്രകഥ - പുതിയ നിയമം
3. ബൈബിൾ ചിത്രകഥ - സ്ത്രീ

## കുട്ടികളുടെ ബൈബിൾ

1. നമ്മെ സ്നേഹിക്കുന്ന ദൈവം
2. നമ്മെ രക്ഷിക്കുന്ന യേശു
3. ദൈവം നമ്മോടുകൂടെ
4. യേശു പറഞ്ഞ കഥകൾ
5. യേശുവിനോടുകൂടെ

## ബൈബിൾ കുടുംബപ്രാർത്ഥനയിൽ

1. ജനതകൾക്കു പ്രകാശം (ഡിസം-ഫെബ്രു)
2. അനുരജ്ഞനം (മാർച്ച്-മെയ്)
3. സഹനത്തിൻറെ പാതയിൽ (ജൂൺ-ഒക്ടോ)
4. പ്രകാശത്തിലേക്ക് (നവംബർ )
5. ആരാധന ബൈബിളിലൂടെ (3 ദിവ്യകാരുണ്യ ആരാധനകൾ)

## പുസ്തകങ്ങൾ

1. വിശ്വാസത്തിൻറെ വേരുകൾ
2. വെളിപാടുപുസ്തകം - ഒരു വ്യാഖ്യാനം
3. പഞ്ചഗ്രന്ഥം - ഒരാമുഖം
4. മനസ്സും വ്യക്തത്വ വളർച്ചയും
5. ജീവൻറെ സുവിശേഷം - ഒരവലോകനം
6. സുവിശേഷം പങ്കുവയ്ക്കൽ
7. നമുക്കുവേണ്ടി മരിച്ചവൻ

# ചിത്രകഥകൾ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൻ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദ് രാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജെറമിയ
20. എസേക്കിയേൽ
21. സക്കറിയ
22. യോനാ
23. ജോബ്
24. തോബിത്
25. ഡാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിൻറെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗം
42. ദാവീദിന്റെ പുത്രൻ
43. ജീവൻറെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടു കൂടെ
46. തിനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും
51. സ്ത്രീ
52. ഒരു പുറപ്പാടിൻറെ കഥ

| BIBLE COMICS | |
|---|---|
| 1. Cain and Abel<br>2. Abraham<br>3. Jacob<br>4. Joseph<br>5. Moses<br>6. Joshua<br>7. Samson<br>8. Ruth<br>9. Samuel<br>10. Saul<br>11. David<br>12. King David<br>13. Solomon<br>14. Elijah<br>15. Amos<br>16. Hosea<br>17. Micah<br>18. Isaiah<br>19. Jeremiah<br>20. Ezekiel<br>21. Zechariah<br>22. Jonah<br>23. Job<br>24. Tobit<br>25. Daniel<br>26. Susanna<br>27. Esther<br>28. Judith | 29. Maccabeus<br>30. The Maccabees<br>31. A World Awaiting<br>32. Light of the world<br>33. The Herald<br>34. The Prophet<br>35. The Liberator<br>36. The One to come<br>37. The Lord of the Universe<br>38. Son of God<br>39. The Son of Man<br>40. In the shadow of the cross<br>41. The Way<br>42. Son of David<br>43. Bread of Life<br>44. The Redeemer<br>45. With us forever<br>46. Tongues of fire<br>47. Baptism in blood<br>48. The chosen vessal<br>49. Libation<br>50. Come, Lord Jesus<br>51. Woman |

| ബൈബിൾ തീർത്ഥാടനം |
| --- |
| 1. ആദി ചരിത്രം (ഉൽപ.1-11)<br>2. പൂർവ്വപിതാക്കന്മാർ (ഉൽപ.12-50)<br>3. പുറപ്പാട്<br>4. ലേവ്യർ<br>5. സംഖ്യ<br>6. നിയമാവർത്താനം<br>7. പോരാട്ടങ്ങളുടെ ചരിത്രം (ജോഷ്വാ, ന്യായാ., റൂത്ത്)<br>8. രാജവാഴ്ച (1. 2. സാമു. 2. ദിന.)<br>9. പ്രതാപത്തിൽനിന്നു പ്രവാസത്തിലേക്ക് (1. 2. രാജാ., 2. ദിന.) |

# അനുബന്ധം – 2

## STATEMENT OF ACCOUNTS

### BIBLE FUND

### RECEIPTS AND PAYMENTS AS OF 31-10-1997

| DESCRIPTION | RECEIPTS | PAYMENTS |
|---|---|---|
| To Opening balance | 0.00 | |
| To Contribution from parishes | 4,00,393.00 | |
| To Contribution from members | 2,93,220.00 | |
| By Bible Society – POC | | 4,92.500.00 |
| By Loss by distribution | | 27,685.00 |
| Contribution from Bible AP | 28,322.00 | |
| By Closing Balance | | 2,45,000.00 |
| | 7,21,935.00 | 7,21,935.00 |

### BIBLE APOSTOLATE

### RECEIPTS AND PAYMENTS AS OF 31-10-1997

| DESCRIPTION | RECEIPTS | PAYMENTS |
|---|---|---|
| To Opening balance | 0.00 | |
| To Furniture | | |
| Wodden Shelves | 10,000.00 | |
| Concrete Shelves | 40,000.00 | |
| Steel Shelves | 5,000.00 | |
| To Telephone | 10,000.00 | |
| By Loan | | 1,65,000.00 |
| To Credits | | |
| Divine Publications | 3,00,000.00 | |
| Other Book Stalls | 30,000.00 | |
| Bible Stock | 30,660.00 | |
| To Bank Balance | 14,324.00 | |
| To Cash in hand | 9,737.00 | |
| Accumulated Profit | | 2,84,721.00 |
| | 4,49,721.00 | 4,49,721.00 |